# ഈമാനിന്റെ ദുർബലതക്കുള്ള ചികിത്സ

**ഗ്രന്ഥകർത്താവ്:** ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദ്
**ഗ്രന്ഥം:** ظاهرة ضعف الإيمان
**വിവർത്തനം:** അബൂഹന്ന പീരുമേട്

അൽഹാക്കിം മുസ്തദ്റകിലും, ത്വബ്റാനി മുഅ്ജമിലും റിപ്പോർട്ട് ചെയ്യുന്നു: നബി ﷺ പറഞ്ഞു:

إن الإيمان ليخلق في جوف أحدكم كما يخلق الثوب فأسالوا الله أن يجدد الإيمان في قلوبكم

''വസ്ത്രം നുരുമ്പിപ്പോകുന്നത് പോലെ നിങ്ങളുടെ ഹൃദയത്തിലെ ഈമാനും നുരുമ്പിപ്പോകും. ഹൃദയത്തിലെ ഈമാനിനെ നവീകരിക്കാൻ അല്ലാഹുവിനോട് പ്രാർഥിക്കുക.''(ഹാകിമിന്റെ മുസ്തദ്റക് 1/4, സിൽസിലത്തുസ്സ്വഹീഹ: 1585, അൽഹൈത്തമിയുടെ മജ്മഅ് അൽ സവാഇദ് 1/52, ഹസനായ സനദോടെ ത്വബ്റാനിയുടെ അൽകബീർ).

വസ്ത്രം പഴയതാവുന്നതുപോലെ തന്നെയാണ് ഹൃദയത്തിലെ ഈമാനും. ഒരു വിശ്വാസിയുടെ ഹൃദയം ചിലപ്പോൾ തിന്മകൾ കൊണ്ട് കറുത്തു പോയേക്കാം. നബിﷺയുടെ സ്വഹീഹായ ഹദീഥിൽ നിന്നും ഇത് ഗ്രഹിക്കാം:

ما من القلوب قلب إلا وله سحابة كسحابة القمر ، بينا القمر مضيء إذ علته سحابة فاظلم ، إذ تجلت عنه فأضاء

''തെളിഞ്ഞ ചന്ദ്രനെ മേഘം മറയ്ക്കുന്നതുപോലെ മേഘം കൊണ്ട് മറക്കപ്പെടാത്തതായ ഒരു ഹൃദയവുമില്ല. പ്രകാശം പരത്തുന്ന ചന്ദ്രനെ പെട്ടെന്ന് മേഘം മറയ്ക്കുകയും ഇരുട്ട് പരത്തുകയും ചെയ്യും. പിന്നീട്(മേഘം) മാറിയാൽ വീണ്ടും പ്രകാശിക്കാൻ തുടങ്ങും'' (അബൂനുഐം, അൽഹിൽയ, 2/196, സിൽസിലത്തുസ്വഹീഹഃ: 2268).

ചിലപ്പോൾ ചന്ദ്രനെ മേഘം മറച്ചുകളയും. അൽപസമത്തിന് ശേഷം ആ നിലാവെളിച്ചം തിരികെ വരും. ഇതുപോലെ ഒരു വിശ്വാസിയുടെ ഹൃദയം തിന്മയുടെ മേഘം കൊണ്ട് ചിലപ്പോൾ മൂടപ്പെടും. അപ്പോൾ അതിന്റെ പ്രകാശം മറയ്ക്കപ്പെടും, അങ്ങനെ ആ മനുഷ്യൻ സ്വയം ഇരുട്ടിൽ പെട്ടതായി കാണപ്പെടും. പിന്നീട് ഈമാനിനെ വർധിപ്പിക്കാൻ പരിശ്രമിച്ചുകൊണ്ട് അല്ലാഹുവിനോട് സഹായം തേടുമ്പോൾ ആ മേഘം നീങ്ങുകയും മുൻപെന്നപോലെ ഹൃദയം പ്രകാശിതമാവുകയും ചെയ്യും.

ഈമാനിന്റെ ദുർബലതയെ ചികിത്സിക്കുമ്പോൾ അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട സംഗതികളിൽ ഒന്നാണ് ഈമാൻ കൂടുകയും കുറയുകയും ചെയ്യുമെന്നത്. അഹ്ലുസ്സുന്നഃ വൽ ജമാഅഃയുടെ അഖീദ പ്രകാരം ഈമാൻകൊണ്ടുള്ള വിവക്ഷ, ഹൃദയം കൊണ്ട് സത്യപ്പെടുത്തുന്നതും വാക്കുകൾ കൊണ്ട് പറയുന്നതും അവയവങ്ങൾകൊണ്ട് പ്രവർത്തിക്കുന്നതുമാണ്. അനുസരണം ഈമാൻ വർധിപ്പിക്കുകയും അനുസരണക്കേട് ഈമാൻ കുറക്കുകയും ചെയ്യുന്നതാണ്. പരിശുദ്ധ ഖുർആനിലും സുന്നത്തിലും ഇതിന് ധാരാളം തെളിവുകൾ കാണാം. അല്ലാഹു പറയുന്നു:

ليزدادوا إيماناً مع إيمانهم

''... അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിരിക്കുന്നതിന് വേണ്ടി...'' (ഫത്ഹ്: 4).

# أيكم زادته هذه إيماناً

''...നിങ്ങളിൽ ആർക്കാണ് ഇത് വിശ്വാസം വർധിപ്പിക്കുന്നത്'' (തൗബ : 124).

നബി ﷺ പറഞ്ഞു:

من رأى منكم منكراً فليغيره بيده فإن لم يستطع فبلسانه فإن لم يستطع فبقلبه وذلك أضعف الإيمان

''നിങ്ങളിൽ ആരെങ്കിലും ഒരു തിന്മ കണ്ടാൽ അവന്റെ കൈകൊണ്ട് അത് തടയട്ടെ, അതിന് കഴിഞ്ഞില്ലെങ്കിൽ നാവ് കൊണ്ട്, അതിനു കഴിഞ്ഞില്ലെങ്കിൽ ഹൃദയം കൊണ്ട്(വെറുത്തുകൊണ്ട്). ഇത് ഏറ്റവും ദുർബലമായ ഈമാനാണ്.''(ബുഖാരി, ഫത്ഹുൽബാരി: 1/51).

അനുഭവം കൊണ്ടും നിരീക്ഷണം കൊണ്ടും അറിയപ്പെട്ട കാര്യമാണ് ധർമത്തിന്റെയും അധർമത്തിന്റെയും ഫലമായി യഥാക്രമം ഈമാൻ കൂടുകയും കുറയുകയും ചെയ്യുമെന്നത്. അങ്ങാടിയിലൂടെ നടക്കുന്ന ഒരു മനുഷ്യൻ അണിഞ്ഞൊരുങ്ങിയ അർദ്ധനഗനകളായ സ്ത്രീകളെ കാണുമ്പോഴും അനാവശ്യവാക്കുകളും ഒച്ചപ്പാടുകളും കേൾക്കുമ്പോഴും ഉണ്ടാവുന്ന അന്തരീക്ഷവും ഖബർ സന്ദർശിക്കുകയും അവിടെ നിന്ന് ചിന്തിച്ചുകൊണ്ട് ഹൃദയത്തെ ശാന്തമാക്കുകയും ചെയ്യുന്ന അന്തരീക്ഷവും തമ്മിലുള്ള വ്യത്യാസം നമുക്ക് ദർശിക്കാൻ കഴിയും. എത്ര പെട്ടെന്നാണ് ഹൃദയം മാറുന്നത്!

ഇത് കൂടുതൽ മനസ്സിലാകാൻ സലഫുകളിൽപെട്ട ഒരാളുടെ വാചകം ഉദ്ധരിക്കട്ടെ:

من فقه العبد أن يتعاهد إيمانه ، وما ينقص منه ، ومن فقه العبد أن يعلم أيزداد إيمانه ؟ أو ينقص ؟ وإن من فقه الرجل أن يعلم نزغات الشيطان أنى تأتيه ؟

''തന്റെ ഈമാനിനെ സൂക്ഷിക്കുന്ന ഒരു അടിമ, അതിനെ ലഘുവാക്കുന്ന സംഗതിയെക്കുറിച്ച് ശ്രദ്ധ കാണിക്കുകയും, ഈമാനിന്റെ ഏറ്റക്കുറച്ചിലുകളെക്കുറിച്ച് ബോധവാനാവുകയും, പിശാചിന്റെ പ്രലോഭനങ്ങളെ തിരിച്ചറിയുകയും ചെയ്യും.'' (ശറഹുന്നൂനിയ്യ- ഇബ്നുൽഖയ്യിം- ഇബ്നുഈസാ 2/140).

നമ്മുടെ ബാധ്യതകളിൽ അലംഭാവം കാണിക്കുന്നതിലേക്കും ഹറാമായ കാര്യങ്ങൾ ചെയ്യുന്നതിലേക്കും ഈമാനിന്റെ കുറവ് നമ്മെ നയിക്കുകയാണെങ്കിൽ അത് വളരെ ഗൗരവമുള്ള കാര്യമാണെന്ന് അറിയുക! മാത്രമല്ല; അല്ലാഹുവിനോട് പശ്ചാത്തപിച്ചുകൊണ്ട് ഇതിനുള്ള പ്രതിക്രിയ ചെയ്യാൻ ഉടൻ ആരംഭിക്കുകയും വേണം. ഇനി, മുസ്തഹബ്ബായ(ഐഛികമായ) കാര്യങ്ങൾ നിർവഹിക്കുന്നതിൽ അൽപം വീഴ്ച ഉണ്ടാവുകയും ബാധ്യതകൾ അവഗണിച്ച് ഹറാം ചെയ്യുന്ന അവസ്ഥയിലേക്ക് എത്താതിരിക്കുകയും ചെയ്യുന്ന നിലയിലാണെങ്കിൽ ആരാധനകളിൽ ശരിയായ ചൈതന്യവും കരുത്തും ആർജിക്കുന്നതുവരെ എങ്ങനെയൊക്കെ സ്വയം തിരുത്തുകയും ചിട്ടപ്പെടുത്തുകയും ചെയ്യണമെന്ന് ഒരാൾ അറിയേണ്ടതുണ്ട്. നബിﷺയുടെ അധ്യാപനത്തിൽ നിന്നും ഇത് മനസ്സിലാകും:

لكل عمل شرة ولكل شرة فترة فمن كانت فترته إلى سنتي فقد أفلح ومن كانت إلى غير ذلك فقد هلك

''എല്ലാ കർമത്തിനും ഊർജവും കരുത്തുമുണ്ട്. ഇവ രണ്ടിനെയും ഒരു മന്ദീകരണം പിന്തുടരും, ആരുടെ മന്ദീകരണമാണോ എന്റെ സുന്നത്തിനോട് പൊരുത്തപ്പെടുന്നത് അയാൾ നല്ല നിലയിലാണ്. ആരുടെയെങ്കിലും മന്ദീകരണം ഇതല്ലാത്ത നിലിയിലാണെങ്കിൽ (അധാർമികവും നിഷിദ്ധവുമായ കർമങ്ങൾ ചെയ്യുക) അവൻ നശിച്ചുപോകും.'' (അഹ്മദ് 2/210, സ്വഹീഹുത്തർഗീബ് 55).

ദുർബല ഈമാനിനെ ചികിത്സിക്കുന്ന പ്രശ്നം ചർച്ച ചെയ്യുന്നതിന് മുമ്പ് ചില കാര്യങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഹൃദയം കഠിനമാണെന്ന് തോന്നുന്ന അധികമാളുകളും ബാഹ്യമായ പരിഹാരമാണ് പരതുന്നത്. സ്വയം സൂക്ഷ്മത പുലർത്താൻ സാധിക്കുന്നവർ പോലും മറ്റുള്ളവരെ വിശ്വസിച്ച്

ആശ്രയിക്കാനാണ് ശ്രമിക്കുന്നത്. അടിമയും അവന്റെ റബ്ബും തമ്മിലുള്ള ബന്ധമാണ് ഈമാൻ, അതിനാൽ സ്വയം നിയന്ത്രിച്ചാണ് പരിഹാരം കാണേണ്ടത്. പരിഹാരത്തിനു പറ്റിയ നിരവധി മാർഗങ്ങൾ താഴെ വിവരിക്കുന്നുണ്ട്. തന്റെ കാര്യം അല്ലാഹുവിൽ അർപ്പിച്ച്, ലക്ഷ്യം പ്രാപിക്കാൻ താൻ പ്രയാസം സഹിക്കണമെന്ന യാഥാർഥ്യത്തിലേക്ക് മടങ്ങാൻ തയ്യാറുള്ളവർക്ക് അവ ഉപകാരപ്പെടും.

**1. എല്ലാ കാര്യങ്ങളും വിശദീകരിച്ചു കൊണ്ടും, അവൻ ഉദ്ദേശിക്കുന്ന അവന്റെ അടിമകൾക്ക് മാർഗദർശിയായ പ്രകാശമായിക്കൊണ്ടും അല്ലാഹു അവതരിപ്പിച്ച പരിശുദ്ധ ഖുർആനിന്റെ ആശയങ്ങളിലേക്ക് വിചിന്തനം നടത്തുക.**

വളരെ ശാന്തവും ഫലപ്രദവുമായ ശമനം ഇതിലുണ്ട് എന്നതിൽ സംശയമില്ല. അല്ലാഹു പറയുന്നു:

وننزل من القرآن ما هو شفاء ورحمة للمؤمنين

''സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുർആനിലൂടെ നാം അവതരിപ്പിച്ചു കൊണ്ടിരിക്കുന്നു.'' (ഇസ്റാഅ്: 82).

ഖുർആനിന്റെ ആശയങ്ങളെക്കുറിച്ച് ആലോചിച്ച് വിചിന്തനം നടത്തുക എന്നതാണ് ഈ ചികിത്സയുടെ രീതി.

നബി ﷺ രാത്രി നമസ്കാരത്തിനായി എഴുന്നേറ്റ് നിന്നാൽ അല്ലാഹുവിന്റെ ഗ്രന്ഥം ആവർത്തിച്ച് പാരായണം ചെയ്യുകയും ചിന്തിക്കുകയും ചെയ്യുമായിരുന്നു. ഒരു സന്ദർഭത്തിൽ പരിശുദ്ധഖുർആനിലെ ഒരു വചനം മാത്രം പാരായണം ചെയ്തുകൊണ്ട് പ്രഭാതം വരെയും നിന്നു നമസ്കരിച്ചു - ആ വചനത്തിന്റെ അപ്പുറത്തേക്ക് കടക്കാതെ. إن تعذبهم فإنهم عبادك وإن تغفر لهم فإنك أنت العزيز الحكيم ''നീ അവരെ ശിക്ഷിക്കുകയാണെങ്കിൽ തീർച്ചയായും അവർ നിന്റെ ദാസൻമാരാണല്ലോ. നീ അവർക്ക് പൊറുത്തുകൊടുക്കുകയാണെങ്കിൽ നീ തന്നെയാണല്ലോ പ്രതാപിയും യുക്തിമാനും.''(മാഇദ :118) എന്ന വചനമായിരുന്നു അത്. (അഹ്മദ് 4/149, സിഫത്തുസ്സ്വലാത്തിന്നബിയ്യി-അൽബാനി : 102)

നബി ﷺ വളരെ വിപുലമായി തന്നെ ഖുർആനിന്റെ അർഥതലങ്ങളെ സംബന്ധിച്ച് വിചിന്തനം നടത്തിയിരുന്നു. നല്ല പരമ്പരയോടു കൂടി ഇബ്നുഹിബ്ബാൻ തന്റെ സ്വഹീഹിൽ അത്വാറയിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു:

അത്വാറ ؓ പറയുന്നു: ''ഉബൈദുല്ലാഹിബ്നു ഉമൈറും ഞാനും ആഇശയോടെ അടുത്ത് ചെന്നു, എന്നിട്ട് ഉബൈദുല്ലാഹിബ്നു ഉമൈർ പറഞ്ഞു:

حدثينا بأعجب شيء رأيتيه من رسول الله صلى الله عليه وسلم فبكت وقالت : قام ليلة من الليالي - تعني يصلي - فقال : يا عائشة ، ذريني أتعبد لربي ، قالت : قلت : والله إني لأحب قربك وأحب ما يسرك قالت : فقام فتطهر ثم قام يصلي فلم يزل يبكي حتى بل حجره ثم بكى فلم يزل يبكي حتى بل الأرض ، وجاء بلال يؤذنه بالصلاة فلما رآه يبكي قال : يا رسول الله تبكي وقد غفر الله لك تقدم من ذنبك وما تأخر قال : أفلا أكون عبداً شكوراً ، لقد نزلت علي الليلة آيات ويل لمن قرأها ولم يتفكر فيها : { إن في خلق السماوات والأرض واختلاف الليل والنهار لآيات لأولي الألباب الذين يذكرون الله قياماً وقعوداً وعلى جنوبهم ويتفكرون في خلق السماوات والأرض ...

''നബﷺയിൽ നിന്നും നിങ്ങൾ കണ്ട ഏറ്റവും ആശ്ചര്യകരമായ കാര്യം ഞങ്ങൾക്ക് പറഞ്ഞ് തരിക.'' ആഇശ ﵂ കരഞ്ഞുകൊണ്ട് പറഞ്ഞു: നബിﷺ ഒരു രാത്രി (നമസ്കരിക്കാൻ) എഴുന്നേറ്റിട്ട് പറഞ്ഞു: ''ഓ, ആഇശ, എന്റെ രക്ഷിതാവിനെ ആരാധിക്കാൻ എന്നെ വിടുക''. ഞാൻ പറഞ്ഞു: ''അല്ലാഹുവാണെ, അങ്ങയുടെ സാമീപ്യം ഞാൻ ഇഷ്ടപ്പെടുന്നു, താങ്കൾക്ക് സന്തോഷമുള്ള കാര്യവും ഞാൻ ഇഷ്ടപ്പെടുന്നു.'' നബിﷺ എഴുന്നേറ്റ് ശുദ്ധി വരുത്തി നമസ്കാരത്തിനായി നിന്നു. അദ്ദേഹത്തിന്റെ ശരീരം നനയുവോളം അദ്ദേഹം കരഞ്ഞു. പിന്നീട് അദ്ദേഹം നിന്ന സ്ഥലം നനയുവോളം അദ്ദേഹം കരഞ്ഞുകൊണ്ടേയിരുന്നു. ബിലാൽ﵁ ബാങ്ക് വിളിക്കാനായി വന്നപ്പോൾ നബിﷺ കരയുന്നത് കണ്ടു. ബിലാൽ﵁ ചോദിച്ചു. ''ഓ പ്രവാചകരേ, കഴിഞ്ഞതും വരാനിരിക്കുന്നതും ആയ മുഴുവൻ പാപങ്ങളും അല്ലാഹു താങ്കൾക്ക് പൊറുത്തു തന്നിട്ടും അങ്ങ് കരയുകയോ?'' നബിﷺ പറഞ്ഞു: ഞാൻ നന്ദിയുള്ള ഒരു അടിമയാവേണ്ടയോ? ഈ രാത്രി എനിക്ക് ചില വചനങ്ങൾ അവതരിച്ചു. അതിനെക്കുറിച്ച് ആലോചിക്കാതെ അത് പാരായണം ചെയ്യുന്ന ഒരുവന് ദുർഗതി ആയിരിക്കും. 'തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നു കൊണ്ടും കിടന്നു കൊണ്ടും അല്ലാഹുവെ ഓർമിക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപറ്റി ചിന്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണേ.'(3:190,191) (എന്ന വചനം).'' (സിൽസിലത്തുസ്സ്വഹീഹ 1/106).

ഈ വചനങ്ങളെക്കുറിച്ച് ഉറ്റാലോചിക്കേണ്ടത് അനിവാര്യമാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

പരിശുദ്ധ ഖുർആൻ തൗഹീദിനെക്കുറിച്ച് സംസാരിക്കുന്നു. പ്രതിഫലത്തെക്കുറിച്ചുള്ള വാഗ്ദാനം, ശിക്ഷയെക്കുറിച്ച ഗൗരവതരമായ മുന്നറിയിപ്പ്, നിയമനിർദേശങ്ങൾ, കഥകൾ, മറുപടികൾ, ശരിയായ ആചാരമര്യാദകൾ എന്നിവയെല്ലാം പ്രതിപാദിക്കുന്നു. ഇവ ഹൃദയത്തിലുണ്ടാക്കുന്ന പ്രതീതി വ്യത്യസ്തമാണ്. ചില അധ്യായങ്ങൾ മറ്റുള്ളവയെക്കാൾ ഹൃദയത്തെ ഭയമുള്ളതാക്കും. നബിﷺ പറഞ്ഞു:

شيبتني هود وأخواتها قبل المشيب

''സൂറത്തു ഹൂദും സഹോദരങ്ങളും സമയത്തിന് മുമ്പ് തന്നെ എന്നെ നരപ്പിച്ചു (പ്രായം തോന്നിപ്പിച്ചു).''(സിൽസിലത്തുസ്വഹീഹ 2/679). മറ്റൊരു റിപ്പോർട്ടിൽ:

هود والواقعة والمرسلات وعم يتساءلون وإذا الشمس كورت

''ഹൂദും വാഖിഅയും മുർസലാത്തും അമ്മയതസാഅലൂൻ, ഇദശ്ശംസുകുവ്വിറത്ത് എന്നീ സുറത്തുകൾ'' എന്നാണുള്ളത്. (തിർമുദി 329, സിൽസിലത്തുസ്സ്വഹീഹഃ).

ഈ സൂറത്തുകളിൽ ഉൾക്കൊള്ളുന്ന ഈമാനിന്റെ വസ്തുതകളും വലിയ ഉത്തരവാദിത്തങ്ങളും ഹൃദയത്തെ നിറക്കുകയും ശരീരത്തിലും മുടിയിലും വ്യക്തമായ പ്രതിഫലനം ഉണ്ടാവുകയും ചെയ്തതുകൊണ്ടാണ് നബിﷺയുടെ മുടി നരച്ചത്.

فاستقم كما أمرت ومن تاب معك

''ആകയാൽ, നീ കൽപിക്കപ്പെട്ടതുപോലെ നീയും നിന്നോടൊപ്പം(അല്ലാഹുവിലേക്ക്) മടങ്ങിയവരും നേരായ മാർഗത്തിൽ നിലകൊള്ളുക...''(11:112) തുടങ്ങിയ വചനങ്ങൾ സൂറത്തുൽ ഹൂദിലാണല്ലോ ഉള്ളത്.

നബിﷺയുടെ അനുചരന്മാരും ഖുർആൻ പാരായണം ചെയ്യുകയും ആഴത്തിൽ വിചിന്തനം നടത്തുകയും ചെയ്യുന്നവരായിരുന്നു. സൗമ്യനും ശാന്തഹൃദയനുമായിരുന്ന അബൂബക്കർ﵁വിന് അല്ലാഹുവിന്റെ വചനങ്ങൾ പാരായണം ചെയ്തുകൊണ്ട് നമസ്കരിക്കുന്ന സന്ദർഭങ്ങളിൽ കരച്ചിൽ അട

ക്കാൻ കഴിയുമായിരുന്നില്ല. അല്ലാഹുവിന്റെ വചനങ്ങൾ പാരായണം ചെയ്തു ഉമർﷺ രോഗബാധിത നായി. (ഇബ്നുകഥീർ 7/406). ജമാഅത്ത് നമസ്കാരങ്ങളിൽ യഅ്ഖൂബ്(അ)നെക്കുറിച്ച അല്ലാഹു വിന്റെ വചനങ്ങൾ പാരായണം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ഏങ്ങൽ കേൾക്കാമായിരുന്നു. إنما أشكو بثي وحزني إلى الله ''അദ്ദേഹം പറഞ്ഞു: എന്റെ വേവലാതിയും വ്യസനവും ഞാൻ അല്ലാഹുവി നോട് മാത്രമാണ് ബോധിപ്പിക്കുന്നത്...''(യൂസുഫ്: 86) തുടങ്ങിയ വചനങ്ങൾ ഉദാഹരണം. (മനാ ഖിബു ഉമർ, ഇബ്നുൽജൗസി: 167). ഉഥ്മാൻﷺ പറഞ്ഞു: ''നമ്മുടെ ഹൃദയങ്ങൾ ശുദ്ധവും കളങ്കര ഹിതവും ആണെങ്കിൽ അല്ലാഹുവിന്റെ വചനങ്ങളെക്കാൾ മതിയാകുന്ന യാതൊന്നും വേണ്ടി വരില്ല.'' ഉഥ്മാൻ ﷺ ന്യായമായ കാരണത്താലല്ലാതെ കൊലചെയ്യപ്പെട്ട് രക്തസാക്ഷിയായി. അദ്ദേഹ ത്തിന്റെ രക്തം മുസ്ഹഫിൽ വീഴുകയും ചെയ്തു. അയ്യൂബ് പറഞ്ഞു: സഈദുബ്നു ജൂബൈർﷺ നമസ്കാരത്തിൽ ഇരുപത് തവണ ഈ ആയത്ത് പാരായണം ചെയ്യുന്നതായി ഞാൻ കേട്ടു: واتقوا يوماً ترجعون فيه إلى الله ''നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്ന ഒരു ദിവസത്തെ സൂക്ഷിച്ചുകൊള്ളുക.'' (2:281) (സിയറുഅഅ്ലാമിന്നുബലാഅ് 4/324). ഇതാണ് ഖുർആനിൽ അവത രിച്ച അവസാനത്തെ ആയത്ത്. ഇത് അവസാനിക്കുന്നതിങ്ങനെയാണ്..... ثم توفى كل نفس ما كسبت وهم لا يظلمون ''എന്നിട്ട് ഓരോരുത്തർക്കും അവനവൻ പ്രവർത്തിച്ചതിന്റെ ഫലം പൂർണമായി നൽക പ്പെടുന്നതാണ്. അവരോട് (ഒട്ടും) അനീതി കാണിക്കപ്പെടുകയില്ല.'' ഇബ്രാഹീമുബ്നു ബശ്ശാർ പറഞ്ഞു: ''അലിയ്യുബ്നു ഫുദൈൽ മരിക്കുന്ന സമയത്ത് പാരായണം ചെയ്തിരുന്ന വചനം ഇതാ ണ്: ولو ترى إذ وقفوا على النار فقالوا يا ليتنا نرد ''അവർ നരകത്തിങ്കൽ നിർത്തപ്പടുന്ന കാര്യം നീ കണ്ടിരുന്നെങ്കിൽ. അപ്പോൾ അവർ പറയും: ഞങ്ങൾ ഇഹലോകത്ത് ഒന്നു തിരിച്ചയക്കപ്പെട്ടിരുന്നെ ങ്കിൽ എത്ര നന്നായിരുന്നേനെ...''(6:27). 'ഇഹലോകത്തേക്ക് തിരിച്ചയക്കുക' എന്ന വാക്ക് എത്തിയ പ്പോൾ അദ്ദേഹം മരിച്ചു. അദ്ദേഹത്തിന് വേണ്ടി (ജനാസ) നമസ്കരിച്ചവരിൽ ഒരാളാണ് ഞാൻ. അല്ലാഹു അദ്ദേഹത്തിന് മേൽ കരുണ ചൊരിയട്ടെ.'' (സിയറു അഅ്ലാമിന്നുബലാഅ് 4/446).

തിലാവത്തിന്റെ സുജൂദ് നിർവഹിക്കുമ്പോഴും നമ്മുടെ മുൻഗാമികൾ വ്യത്യസ്ത രീതിയിലാണ് പ്രതി കരിച്ചത്. ويخرون للأذقان يبكون ويزيدهم خشوعاً ''അവർ കരഞ്ഞുകൊണ്ട് മുഖം കുത്തി വീഴുകയും അതവർക്ക് വിനയം വർധിപ്പിക്കുകയും ചെയ്യും'' (ഇസ്റാഅ്: 109) എന്ന ഖുർആൻ വചനം പാരാ യണം ചെയ്തുകൊണ്ട് സുജൂദ് നിർവഹിച്ച ശേഷം അവരിൽ ഒരാൾ (റഹിമഹുല്ലാഹ്) സ്വയം കുറ്റ പ്പെടുത്തി പറഞ്ഞു: ''ഇത് സുജൂദാണ്. കരച്ചിൽ എവിടെ?''. ഖുർആനിലൂടെ അല്ലാഹു അവതരിപ്പിച്ച ഉപമകളും ഉദാഹരണങ്ങളും വളരെ ചിന്താർഹമാണ്. അവ നമ്മെ ചിന്തിക്കാനും ആലോചിച്ചു മന സ്സിലാക്കാനും പ്രേരിപ്പിക്കുന്നു. അല്ലാഹു പറയുന്നു:

ويضرب الله الأمثال للناس لعلهم يتذكرون

''...മനുഷ്യർക്ക് അവർ ആലോചിച്ച് മനസ്സിലാക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിച്ചുകൊടുക്കു ന്നു.''(14:25)

وتلك الأمثال نضربها للناس لعلهم يتفكرون

''...ഈ ഉദാഹരണങ്ങൾ നാം ജനങ്ങൾക്ക് വേണ്ടി വിവരിക്കുന്നു. അവർ ചിന്തിക്കാൻ വേണ്ടി.''(59:21).

സലഫുകളിൽപെട്ട ഒരു വ്യക്തി അല്ലാഹു പറഞ്ഞ ഉപമകളിലൊന്ന് വായിച്ച് അതിന്റെ സാരം ഉൾക്കൊള്ളാൻ കഴിയാതെ കരയാൻ തുടങ്ങി. 'എന്താണ് നിങ്ങളെ കരയിപ്പിച്ചത്' എന്ന് ചോദിക്കപ്പെ ട്ടപ്പോൾ അദ്ദേഹം പറഞ്ഞു. അല്ലാഹു പറയുന്നു:

وتلك الأمثال نضربها للناس وما يعقلها إلا العالمون

''ആ ഉപമകൾ നാം മനുഷ്യർക്ക് വേണ്ടി വിവരിക്കുകയാണ്. അറിവുള്ളവരല്ലാതെ അവയെപ്പറ്റി ചിന്തിച്ചു മനസ്സിലാക്കുകയില്ല.''(29:43).

പക്ഷേ, എനിക്ക് ഈ ഉപമ മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഞാൻ അറിവുള്ളയാളല്ല. ഇത്രയും കാലം അറിവ് കരസ്ഥമാക്കാതെ സമയം നഷ്ടപ്പെടുത്തിയതിനാലാണ് ഞാൻ കരഞ്ഞത്.''

അല്ലാഹു ഖുർആനിൽ നിരവധി ഉപമകൾ വിവരിക്കുന്നു. വിളക്ക് കത്തിച്ച ഒരാളെ പോലെ(2:17), യാതൊന്നും കേൾക്കാൻ പറ്റാത്ത ആട്ടിൻപറ്റത്തോട് അലറുന്നവനെപ്പോലെ(2:171),ഏഴ് കതിരുകൾ മുളപ്പിക്കുന്ന ധാന്യമണി പോലെ(2:261), നാക്ക് നീട്ടിയിട്ടിരിക്കുന്ന നായയെപ്പോലെ(7:176), ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതകളെപ്പോലെ (62:5), ഈച്ച (അല്ലാഹു അല്ലാത്തവരെല്ലാം ഒരുമിച്ചുകൂടിയാലും അല്ലാഹുവിനല്ലാതെ അതിനെ സൃഷ്ടിക്കാൻ കഴിയില്ല, 22:73), എട്ടുകാലി (വീടുകളിൽ വെച്ച് ഏറ്റവും ദുർബലമായ വീട് നിർമിക്കുന്നവ 29:41), അന്ധനും ബധിരനും കാഴ്ചയുള്ളവനും കേൾവിയുള്ളവനും (11:24), ശക്തമായ കാറ്റുള്ള ഒരു ദിവസത്തിലെ വെണ്ണീറു കണക്കെ (14:18), നല്ല വൃക്ഷം(14:24), ദുഷിച്ച വൃക്ഷം (14:26), ആകാശത്തു നിന്നും ചൊരിയുന്ന വെള്ളം(6:99), പ്രകാശിക്കുന്ന വിളക്ക് ഉള്ള വിളക്കുമാടം (24:35), യാതൊരുവിധ കഴിവുമില്ലാത്ത ഒരാളുടെ കീഴിൽ കഴിയുന്ന അടിമ(16:75), പരസ്പരം വഴക്കടിക്കുന്ന പങ്കുകാരുടെ കീഴിലുള്ള മനുഷ്യൻ (വേലക്കാരൻ) (39:29) എന്നിങ്ങനെ ധാരാളം ഉപമകൾ. വായനക്കാർ ഈ ആയത്തുകളെ പരിശോധിക്കുകയും ശ്രദ്ധയും താൽപര്യവും കാണിച്ച് ഇവയുടെ അർഥങ്ങളെക്കുറിച്ച് വിചിന്തനം നടത്തുകയും ചെയ്യാൻ വേണ്ടിയാണ് ഈ സൂചനകൾ നൽകിയത്.

ഖുർആൻ ഉപയോഗിച്ച് ഹൃദയത്തിന്റെ കാഠിന്യത്തെ എങ്ങനെ നീക്കം ചെയ്യാം എന്നതിനെക്കുറിച്ച് ഇബ്നു ഖയ്യിം  ഇങ്ങനെ സംഗ്രഹിക്കുന്നു. ''നിങ്ങൾ ചെയ്യേണ്ട പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളുണ്ട്. ഒന്നാമത്തെ സംഗതി-ഈ ലോകത്തിലെ സൗകര്യങ്ങളിൽ നിന്നും പരലോകത്തിലെ സൗകര്യങ്ങളിലേക്ക് ഹൃദയത്തെ മാറ്റുക. എന്നിട്ട് ഖുർആനിലേക്കും അതിന്റെ അർഥതലങ്ങളിലേക്കും നിങ്ങളുടെ മനസ്സിനെ കേന്ദ്രീകരിക്കുക. എല്ലാ വചനങ്ങളിൽ നിന്നും എന്തെങ്കിലും ഉൾക്കൊണ്ടുകൊണ്ട് മനസ്സിന്റെ രോഗത്തിനെതിരെ അതിനെ പ്രയോഗിക്കാൻ ശ്രമിക്കുക. ഈ ആയത്തുകൾ ഹൃദയത്തിലെ രോഗത്തിന് (ശമനമായിട്ടാണ്) അവതരിപ്പിച്ചത്. അങ്ങനെ അല്ലാഹുവിന്റെ അനുമതിയോടെ നിങ്ങൾക്ക് രോഗശമനം കിട്ടും''.

**2. അല്ലാഹുവിന്റെ ഉന്നതിയെക്കുറിച്ച് അവബോധമുണ്ടാക്കി, അവന്റെ നാമഗുണവിശേഷണങ്ങളെക്കുറിച്ച് മനസ്സിലാക്കാനും അവയെപ്പറ്റി ചിന്തിക്കുവാനും അർഥം ഗ്രഹിക്കുവാനും ശ്രമിക്കുക.**

ഇവയെക്കുറിച്ച് മനസ്സിലാക്കി ഹൃദയത്തിൽ ഈ വിചാരങ്ങൾ സ്ഥാപിക്കാൻ ശ്രമിച്ചാൽ പ്രവർത്തനങ്ങളിൽ ഗുണപരമായ ഫലമുണ്ടാക്കാൻ കഴിയും. പട്ടാളമേധാവിയെയും അനുയായികളെയും പോലെ ഹൃദയം ഒരാളുടെ കഴിവുകളുടെ നായകനാണ്.  ഹൃദയം ന്യായമാണെങ്കിൽ കഴിവുകളും ന്യായമായിരിക്കും. അതു മോശമാണെങ്കിൽ അവയും മോശമായിരിക്കും.

അല്ലാഹുവിന്റെ ഉന്നതിയെക്കുറിച്ചും മഹത്വത്തെക്കുറിച്ചും പ്രതിപാദിക്കുന്ന ധാരാളം വചങ്ങൾ ഖുർആനിലും സുന്നത്തിലും കാണാൻ കഴിയും. അവയെപ്പറ്റി ചിന്തിക്കുന്ന മുസ്ലിമിന്റെ ഹൃദയം വിറകൊള്ളുകയും ഉന്നതനും മഹാനും എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമായ അല്ലാഹുവിന് മുന്നിൽ വിനയാന്വിതമാവുകയും രക്ഷിതാവിനോടുള്ള ഭയവും കീഴ്വണക്കവും വർധിക്കുകയും ചെയ്യും.

അവന്റെ ധാരാളം നാമങ്ങളും വിശേഷണങ്ങളും ഖുർആനിൽ പ്രതിപാദിച്ചിട്ടുണ്ട്. അവൻ അൽ അളീം, അൽമുഹൈമിൻ, അൽജബ്ബാർ, അൽ മുത്തക്കബ്ബിർ, അൽ കവിയ്യ് , അൽ ഖഹ്ഹാർ, അൽ കബീർ, അൽ മുതആൽ തുടങ്ങിയ വിശേഷണങ്ങളുള്ളവനാണ്. അല്ലാഹു എന്നെന്നും ജീവിക്കുന്ന

വനാണ്, ഒരിക്കലും മരിക്കുകയില്ല. എന്നാൽ മനുഷ്യരും ജിന്നുകളും മരിക്കും. അവന്റെ അടിമകളുടെ മേൽ എതിർക്കപ്പെടാനാവാത്ത ശക്തിയുള്ളവനാണ് അവൻ. ഇടിനാദം അവനെ വാഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്നതുപോലെ മലക്കുകളും അവന്റെ ഔന്നിത്യത്തെ വാഴ്ത്തുന്നു. അവൻ സർവശക്തനും ശിക്ഷ നടപ്പാക്കാൻ എല്ലാവിധ കഴിവുകളും ഉള്ളവനുമാണ്. അവൻ എല്ലാം സ്വയം പ്രവർത്തിക്കുന്നു. അവന് ഉറക്കമില്ല. എല്ലാത്തിനെക്കുറിച്ചും പൂർണജ്ഞാനമുള്ളവനാണ്. കണ്ണുകളുടെ കട്ടുനോട്ടവും മനസ്സിൽ ഉള്ളതും അവൻ അറിയുന്നു. അവന്റെ അഗാധമായ ജ്ഞാനം ഖുർആൻ ഇങ്ങനെ വിശദീകരിക്കുന്നു:

وعنده مفاتح الغيب لا يعلمها إلا هو ويعلم ما في البر والبحر وما تسقط من ورقة إلا يعلمها ولا حبة في ظلمات الأرض ولا رطب ولا يابس إلا في كتاب مبين

''അവന്റെ പക്കലാകുന്നു മറഞ്ഞകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ, ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല''(6:59).

അവന്റെ ഔന്നത്യത്തെക്കുറിച്ച് വിശദീകരിക്കുന്നു:

والأرض جميعاً قبضته يوم القيامة والسماوات مطويات بيمينه

''...ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു കൈപിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയ്യിൽ ചുരുട്ടിപ്പിടിപ്പിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു.''(സുമർ: 67).

നബി ﷺ പറഞ്ഞു:

يقبض الله الأرض يوم القيامة ويطوي السماوات بيمينه ثم يقول أنا الملك أين ملوك الأرض

''അന്ത്യദിനത്തിൽ അല്ലാഹു ഭൂമിയെ കയ്യിലെടുക്കും. ആകാശങ്ങളെ അവൻ വലതുകൈയ്യിൽ ചുരുട്ടിപ്പിടിക്കും. എന്നിട്ട് പറയും: ഞാനാണ് രാജാവ്, ഭൂമിയിലെ രാജാക്കന്മാരെവിടെ?'' (ബുഖാരി:6947).

മൂസാ(അ)യുടെ ചരിത്രം വായിക്കുന്ന ഏതൊരാളുടെയും ഹൃദയം ഭയവിഹ്വലമാകും. അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തപ്പോൾ മൂസാ(അ) പറഞ്ഞു: رب أرني أنظر إليك "എന്റെ രക്ഷിതാവേ, (നിന്നെ) എനിക്കൊന്നു കാണിച്ചുതരൂ. ഞാൻ നിന്നെയൊന്ന് നോക്കിക്കാണട്ടെ.'' അവൻ (അല്ലാഹു) പറഞ്ഞു: لن تراني ولكن انظر إلى الجبل فإن استقر مكانه فسوف تراني فلما تجلى ربه للجبل جعله دكاً وخر موسى صعقاً ''നീ എന്നെ കാണുകയില്ല തന്നെ. എന്നാൽ നീ ആ മലയിലേക്ക് നോക്കൂ. അത് അതിന്റെ സ്ഥാനത്ത് ഉറച്ചുനിന്നാൽ വഴിയെ നിനക്കെന്നെ കാണാം. അങ്ങനെ അദ്ദേഹത്തിന്റെ രക്ഷിതാവ് പർവ്വതത്തിന് വെളിപ്പെട്ടപ്പോൾ അതിനെ അവൻ പൊടിയാക്കി. മൂസാ ബോധരഹിതനായി വീഴുകയും ചെയ്തു. എന്നിട്ട് അദ്ദേഹത്തിന് ബോധം വന്നപ്പോൾ അദ്ദേഹം പറഞ്ഞു: നീയെത്ര പരിശുദ്ധൻ! ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. ഞാൻ വിശ്വാസികളിൽ ഒന്നാമനാകുന്നു''(7:143). ഈ വചനത്തെ വിശദീകരിക്കുന്ന ഒരു ഹദീഥ് കാണുക.

നബി ﷺ തന്റെ പെരുവിരൽ ചെറുവിരലിന്റെ അഗ്രത്തിൽ അമർത്തികൊണ്ട് പറഞ്ഞു: فساخ الجبل ''ഇതു പോലെ പർവതം പേടിച്ചു വിറച്ച് തകർന്നു വീണു.'' (തുർമുദി 3074, അഹ്മദ് 3/125, ഇബ്നുകസീർ തന്റെ തഫ്സീറിൽ 3/466 ഇതിന്റെ സനദ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇബ്നുൽ ഖയ്യിം പറഞ്ഞു: മുസ്ലിമിന്റെ വ്യവസ്ഥ പ്രകാരം ഇതിന്റെ സനദ് സ്വഹീഹാണ്. അൽബാനി ഈ ഹദീസ് സ്വഹീഹാണ് എന്ന് രേഖപ്പെടുത്തി, അസ്സുന്ന ഇബ്നു അബീ ആസിം, 480).

ഉന്നതനും മഹാനുമായ അല്ലാഹുവിന്റെ പ്രകാശത്തിന് ഒരു മറയുണ്ട്. അത് അവൻ ഉയർത്തിയാൽ അവന്റെ മുഖത്തിന്റെ പ്രഭ മുഴുവൻ സൃഷ്ടികളെയും കരിച്ചുകളയുന്നത്രയും ശക്തമാണ്.

അല്ലാഹുവിന്റെ മഹത്വത്തിന്റെ മറ്റൊരു വശം നബിﷺ പറഞ്ഞു:

إذا قضى الله الأمر في السماء ضربت الملائكة بأجنحتها خضعاناً لقوله كأنه سلسلة على صفوان فإذا فزع عن قلوبهم قالوا ماذا قال ربكم قالوا للذي قال الحق وهو العلي الكبير

''അല്ലാഹു ഒരു കൽപന പുറപ്പെടുവിച്ചാൽ മലക്കുകൾ ചിറകുകൾ അടിച്ചുകൊണ്ട് വിനയപ്പെടുകയും അല്ലാഹുവിന്റെ വചനങ്ങൾക്ക് കീഴൊതുങ്ങുകയും ചെയ്യും-കരിങ്കല്ലിൽ ചിലങ്കകൊണ്ട് അടിക്കുന്നതുപോലെ ശബ്ദമുണ്ടാക്കിക്കൊണ്ട്. അത് കഴിയുമ്പോൾ ''എന്താണ് നിങ്ങളുടെ നാഥൻ പറഞ്ഞത്?'' എന്ന് ചോദിക്കും. അവർ പറയും: ''അവൻ പറഞ്ഞത് സത്യമാണ്. അവൻ ഏറ്റവും ഉന്നതനും മഹാനുമാണ്.'' (ബുഖാരി : 7043).

അല്ലാഹുവിന്റെ ഔന്നത്യത്തെ സൂചിപ്പിക്കുന്ന നിരവധി വചനങ്ങൾ ഉണ്ട്. ഇവയുടെ അർഥതലങ്ങളെക്കുറിച്ച് ഉറ്റാലോചിക്കുന്നത് ഈമാനിനെ പരിപോഷിപ്പിക്കാൻ ഉതകുന്ന ഏറ്റവും നല്ല മാർഗങ്ങളിൽ ഒന്നാണ്. അല്ലാഹുവിന്റെ ഔന്നത്യത്തെക്കുറിച്ച് ഇബ്നുൽഖയ്യിം رحمه الله വളരെ മനോഹരമായി പ്രതിപാദിക്കുന്നു: ''എല്ലാ അധികാര മണ്ഡലങ്ങളിലും കാര്യങ്ങൾ അവൻ നിയന്ത്രിക്കുന്നു. അവൻ കൽപിക്കുകയും വിലക്കുകയും ചെയ്യുന്നു. സൃഷ്ടിക്കുകയും ഉപജീവനം നൽകുകയും ചെയ്യുന്നു. മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നു. അവൻ മനുഷ്യന്റെ പദവി ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു. രാവിനെയും പകലിനെയും മാറ്റിമറിക്കുന്നു. ജനങ്ങളുടെ ഊഴമനുസരിച്ച് ദിവസങ്ങളെ (നല്ലതും അല്ലാത്തതും) തരുന്നു. രാജ്യങ്ങളെ ഉണ്ടാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. ഒന്ന് നശിപ്പിക്കുകയും മറ്റൊന്ന് ഉണ്ടാക്കുകയും ചെയ്യുന്നു. അവന്റെ ആജ്ഞകളും ഉത്തരവുകളും ആകാശഭൂമികളിലും അവയുടെ മേലെയും താഴെയും, സമുദ്രങ്ങളിലും അന്തരീക്ഷങ്ങളിലുമെല്ലാം അവൻ നിറവേറ്റുന്നു. അവൻ എല്ലാ കാര്യത്തെക്കുറിച്ചും അറിവുള്ളവനാണ്. എല്ലാത്തിന്റെയും എണ്ണവും കണക്കും അവൻ അറിയുന്നു. എല്ലാ ശബ്ദങ്ങളും അവൻ കേൾക്കുന്നു-പരസ്പരം ഒരിക്കലും പിശകു പറ്റുകയില്ല. എല്ലാ വ്യത്യസ്ത ഭാഷകളും അവയിലുള്ള പലവിധത്തിലുള്ള അപേക്ഷകളും പ്രാർഥനകളും എല്ലാം യാതൊരുവിധ ആശയക്കുഴപ്പം കൂടാതെയും, ഒന്ന് മറ്റൊന്നുമായി കൂടിക്കലരാതെയും അവൻ കേൾക്കുന്നു. ആവശ്യക്കാരന്റെ ആവശ്യങ്ങൾ കേൾക്കുന്നതിൽ അവന് ഒരിക്കലും മുഷിപ്പോ തളർച്ചയോ ബാധിക്കുകയില്ല. എല്ലാ കാര്യങ്ങളും അവൻ കാണുന്നു. കൂരിരുട്ടത്ത് കറുത്ത പാറയിലൂടെ കടന്നു പോകുന്ന കറുത്ത ഉറുമ്പിനെപ്പോലും അവൻ കാണുന്നു. അദൃശ്യങ്ങൾ അവന് ദൃശ്യമാണ്. രഹസ്യങ്ങൾ അവൻ അറിയുന്നു. يسأله من في السماوات والأرض كل يوم هو في شأن ''ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ അവനോട് ചോദിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ദിവസവും അവൻ കാര്യനിർവഹണത്തിലാകുന്നു.''(അർഹ്മാൻ : 29). അവൻ പാപങ്ങൾ പൊറുത്തുകൊടുക്കുന്നു. ദുഃഖങ്ങൾക്ക് ആശ്വാസം പകരുന്നു. ദുരിതങ്ങളകറ്റുന്നു. മർദിതനെ സഹായിക്കുന്നു. പാവപ്പെട്ടവന് ആശ്രയമാകുന്നു. വഴിതെറ്റിയവനെയും കുഴപ്പത്തിലകപ്പെട്ടവനെയും വഴി നടത്തുന്നു. നിരാശനായവന്റെ കാര്യങ്ങൾ നടത്തിക്കൊടുക്കുന്നു. വിശക്കുന്നവന് ഭക്ഷണം നൽകുന്നു. വസ്ത്രമില്ലാത്തവന് വസ്ത്രം നൽകുന്നു, തെറ്റുകൾ മറച്ചുവെക്കുന്നു, ഭയത്തെ ഇല്ലാതാക്കുന്നു. ചിലരുടെ അന്തസ്സ് ഉയർത്തുകയും ചിലരെ താഴ്ത്തുകയും ചെയ്യുന്നു. ആകാശഭൂമികളിലുള്ള മുഴുവൻ നിവാസികളും ആദ്യം മുതൽ അന്ത്യം വരെയുള്ള മുഴുവൻ മനുഷ്യരും ജിന്നുകളും ഏറ്റവും സൂക്ഷ്മത പുലർത്തുന്ന ഒരുവനെപ്പോലെ സൂക്ഷ്മത പാലിക്കുന്നവരായാലും അവന്റെ ഔന്നത്യത്തിന് അൽപം പോലും വർധനവ് വരികയില്ല. ആദ്യം മുതൽ അവസാനം വരെയുള്ള മുഴുവൻ മനുഷ്യരും ജിന്നുകളും ഏറ്റവും ദുഷിച്ച ദുർമാർഗിയെപ്പോലെ നിഷേധി ആയാലും അവന്റെ ഉന്നതിക്ക് അൽപം പോലും താഴ്ച സംഭവിക്കുകയുമില്ല. ആകാശഭൂമികളിലുള്ള സകല ജീവജാലങ്ങളും ആദ്യം മുതൽ അന്ത്യം വരെയുള്ള മനുഷ്യരും ജിന്നുകളും ജീവിച്ചിരിക്കുന്നവയും മരണപ്പെട്ടവയും

ജീവനുള്ളവയും ജീവനില്ലാത്തവയും എല്ലാം ഒരിടത്ത് ഒരുമിച്ച് കൂടി അവനോട് ചോദിക്കുകയാണെങ്കിൽ ആ ചോദിച്ചതിനെല്ലാം അവൻ നൽകിയാലും അവന്റെ അടുക്കലുള്ളതിൽ നിന്നും ഒരു അണുവിന്റെ അളവുപോലും കുറവ് വരുകയില്ല. അവൻ മുമ്പേ ഉള്ളവൻ. അവന് മുമ്പ് യാതൊന്നും ഇല്ല. അവനാണ് അവസാനം, അവനുശേഷം യാതൊന്നുമില്ല. അവൻ സ്തുത്യർഹനും മഹത്വപൂർണനുമാണ്. ഓർക്കപ്പെടുവാൻ ഏറ്റവും അർഹൻ അവനാണ്. ആരാധിക്കപ്പെടുവാൻ ഏറ്റവും അർഹൻ അവൻ മാത്രമാണ്. നന്ദി ലഭിക്കുവാൻ ഏറ്റവും അർഹനായവനും അവനാണ്. രാജാധികാരികളിൽ ഏറ്റവും കരുണാമയൻ അവനാണ്. ചോദിക്കുന്നവരോട് ഏറ്റവും ഔദാര്യമുള്ളവൻ അവനാണ്. ഒരു സഹായിയോ പങ്കുകാരനോ ഇല്ലാത്ത രാജാധിരാജനാണ് അവൻ. എതിരാളികളില്ലാത്തവൻ. എല്ലാത്തിനും ശേഷിയുള്ള ഉടമസ്ഥൻ. അവന് സന്താനമില്ല. ഏറ്റവും ഉന്നതനായ അവന് തുല്യമായി ഒന്നുമില്ല. അവന്റെ തിരുമുഖം ഒഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതാണ്... അവന്റെ മേൽക്കോയ്മ ഒഴികെയുള്ളതെല്ലാം ഇല്ലാതാകും. അവന്റെ അനുമതിയോടെയല്ലാതെ ആരും അവന് വഴങ്ങുകയില്ല. അവന്റെ അറിവോടെയല്ലാതെ ആരും അവനെ ധിക്കരിക്കുകയില്ല. അവൻ അനുസരിക്കപ്പെടുന്നു. അതിനെ അവൻ അഭിനന്ദിക്കുന്നു. അവൻ ധിക്കരിക്കപ്പെടുന്നു. അവൻ അതിനെ പൊറുത്തു കൊടുക്കുന്നു. അവന്റെ എല്ലാ ശിക്ഷയും ന്യായപൂർണമാണ്. അവനിൽ നിന്നുള്ള എല്ലാ അനുഗ്രഹവും ആനുകൂല്യമാണ്. അവൻ സാക്ഷികളിൽ ഏറ്റവും അടുത്തവനും സംരക്ഷകരിൽ ഏറ്റവും സമീപസ്ഥനുമാണ്. അവൻ ജനങ്ങളുടെ കുടുമക്ക് പിടിക്കും. കർമങ്ങൾ രേഖപ്പെടുത്തുകയും നിശ്ചിത നാളിൽ എല്ലാ കാര്യങ്ങൾക്കും വിധി പുറപ്പെടുവിക്കുകയും ചെയ്യും. എല്ലാ രഹസ്യവും അവൻ അറിയുന്നു. ഹൃദയങ്ങൾ അവനിൽ നിന്നും യാതൊന്നും മറച്ചുവെക്കുന്നില്ല. അവന്റെ പാരിതോഷികം ഒരു വാക്കാണ്. അവന്റെ ശിക്ഷയും ഒരു വാക്കാണ്. إنما أمره إذا أراد شيئاً أن يقول له كن فيكون ''താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്നു പറയുക മാത്രമാകുന്നു അവന്റെ കാര്യം, അപ്പോഴതാ അതുണ്ടാകുന്നു.''(യാസീൻ: 82). (അൽ വാബിലുസ്സയ്ബ് പേജ്: 125).

### 3. ഇസ്‌ലാമിക വിജ്ഞാനം കരസ്ഥമാക്കുക:

കാരണം ഈ അറിവാണ് അല്ലാഹുവിനെ ഭയപ്പെടാനും അവനിലുള്ള വിശ്വാസം വർധിപ്പിക്കാനും നമ്മെ പ്രേരിപ്പിക്കുന്നത്. അവൻ മഹത്വസമ്പൂർണനാണ്. അല്ലാഹു പറയുന്നു:

إنما يخشى الله من عباده العلماءُ

''...അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസന്മാരിൽ അറിവുള്ളവർ മാത്രമാണ്.'' (ഫാത്വിർ: 35:28)

അറിവുള്ളവരും അറിവില്ലാത്തവരും ഈമാനിന്റെ കാര്യത്തിൽ സമമാവുകയില്ല. ശരീഅത്തിന്റെ അടിസ്ഥാനങ്ങൾ, ശഹാദത്തിന്റെ അർഥവും വ്യാപ്തിയും, മരണത്തിന് ശേഷം സംഭവിക്കുന്ന കാര്യങ്ങൾ, ഖബറിലെ ശിക്ഷ, മഹ്ശറിൽ ഒരുമിച്ചുകൂട്ടപ്പെടുന്ന അവസ്ഥ, അന്ത്യനാളിന്റെ ഘടകങ്ങൾ, സ്വർഗത്തിന്റെ ആഹ്ലാദങ്ങൾ, നരകത്തിലെ ശിക്ഷകൾ, ഹലാലും ഹറാമും തീരുമാനിക്കുന്നതിൽ ശരീഅത്തിലെ ജ്ഞാനം, പ്രവാചകൻﷺയുടെ ചരിത്രത്തിന്റെ വിശദീകരണം എന്നിങ്ങനെയുള്ള വിവിധതരം വിജ്ഞാനങ്ങൾ കരസ്ഥമാക്കിയ ഒരുവനും മതത്തെയും അതിന്റെ വിധികളെയും കുറിച്ചും അദൃശ്യകാര്യങ്ങളെക്കുറിച്ചും ശരീഅത്ത് എന്ത് പറയുന്നു എന്നതിനെക്കുറിച്ചും അജ്ഞനായ ഒരാളും ഈമാനിൽ എങ്ങനെ തുല്യരാകും? വെറും അനുകരണവും വളരെ കുറഞ്ഞ നിലക്കുള്ള അൽപം അറിവും മാത്രമായിരിക്കും രണ്ടാമത് പറഞ്ഞ ആളിന്റെ പക്കലുള്ളത്.

قل هل يستوي الذين يعلمون والذين لا يعلمون

''...പറയുക, അറിവുള്ളവനും അറിവില്ലാത്തവനും സമമാകുമോ?''(സുമർ:9)

4. **അല്ലാഹുവിനെ സ്മരിക്കുന്ന സദസ്സുകളിൽ നിരന്തരം പങ്കെടുക്കുക:**

ധാരാളം കാരണങ്ങൾ കൊണ്ട് ഇത് ഈമാനിനെ വർദ്ധിപ്പിക്കും. അല്ലാഹുവിനെക്കുറിച്ച് പരാമർശിക്കും, കാരുണ്യവും ശാന്തിയും വർഷിക്കും, മലക്കുകൾ അവരെ വലയും ചെയ്യും, ഉപരിയിലുള്ള മലക്കുകളോട് അല്ലാഹു ഇവരെക്കുറിച്ച് പറയും, ഇവരെക്കുറിച്ചുള്ള അല്ലാഹുവിന്റെ മതിപ്പ് മലക്കുകളെ അറിയിക്കുകയും പാപങ്ങൾ പൊറുത്തു കൊടുക്കുകയും ചെയ്യും. ഈ കാര്യം സ്വഹീഹായ ഹദീഥുകളിൽ വിശദീകരിക്കുന്നുണ്ട്. നബിﷺ പറഞ്ഞു:

لا يقعد قوم يذكرون الله إلا حفتهم الملائكة وغشيتهم الرحمة ونزلت عليهم السكينة وذكرهم الله فيمن عنده

''അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് ഒരു ജനതയും ഇരിക്കുന്നില്ല; മലക്കുകൾ വലയം ചെയ്യുകയും കാരുണ്യം മൂടുകയും ശാന്തി വർഷിക്കുകയും അല്ലാഹു അവന്റെ അടുക്കലുള്ളവരോട് അവരെക്കുറിച്ച് പരാമർശിക്കുകയും ചെയ്യാതെ.''(സ്വഹീഹ് മുസ്ലിം: 2700).

സഹ്ലത്ത്ബ്നുഹൻളല رضي الله عنه പറഞ്ഞു: നബിﷺ പറഞ്ഞു:

ما اجتمع قوم على ذكر فتفرقوا عنه إلا قيل لهم : قوموا مغفوراً لكم

അല്ലാഹുവിനെക്കുറിച്ച് സ്മരിക്കുന്ന ആളുകൾ ഒരുമിച്ച് കൂടുകയും എന്നിട്ട് പിരിഞ്ഞു പോവുകയും ചെയ്യുകയില്ല; അവരോട് ഇങ്ങനെ പറയപ്പെടാതെ, 'എഴുന്നേൽക്കുക, നിങ്ങൾക്ക് പൊറുത്തു തന്നിരിക്കുന്നു.' (സ്വഹീഹുൽ ജാമിഅ്: 5507).

ഇബ്നുഹജർ رحمه الله പറഞ്ഞു:

ويطلق ذكر الله ويراد به المواظبة على العمل بما أوجبه أو ندب إليه كتلاوة القرآن ، وقراءة الحديث ، ومدارسة العلم

''അല്ലാഹുവിന്റെ ദിക്റിനെക്കുറിച്ച് പ്രസ്താവിക്കുക എന്നത് കൊണ്ട് കൃത്യമായും കണിശമായും പ്രവർത്തിക്കുക എന്നാണ് അർഥമാക്കുന്നത്. നിർബന്ധമായതും പ്രോത്സാഹിപ്പിക്കപ്പെട്ടതുമായ കർമങ്ങൾ– ഖുർആൻ പാരായണം, ഹദീഥ് പഠനം, മറ്റുള്ളവരുമായി ചേർന്ന് പഠിക്കുക എന്നിങ്ങനെ.''(ഫത്ഹുൽ ബാരി: 11/209).

അല്ലാഹുവിനെക്കുറിച്ച് സ്മരിക്കുന്ന സദസ്സുകൾ ഒരാളുടെ ഈമാൻ വർധിപ്പിക്കുമെന്നതിന് ഇമാം മുസ്ലിം رحمه الله യുടെ സ്വഹീഹിൽ നിന്നുള്ള ഒരു ഹദീഥ് കാണുക. ഹൻളലൽ ഉസൈലി പറഞ്ഞു: ''ഞാൻ അബൂബക്കറിനെ കണ്ടു. എന്നോട് അദ്ദേഹം ചോദിച്ചു. 'ഓ ഹൻളലാ എന്തൊക്കെയുണ്ട്.' ഞാൻ പറഞ്ഞു, 'ഹൻളല മുനാഫിഖായി.' അദ്ദേഹം പറഞ്ഞു: 'സുബ്ഹാനല്ലാഹ്, താങ്കൾ എന്താണ് പറയുന്നത്!' ഞാൻ പറഞ്ഞു. 'നാം നബിﷺയുടെ സദസ്സിൽ ഇരിക്കുമ്പോൾ നേരിട്ടുകാണുന്നത് പോലെ സ്വർഗനരകങ്ങളെക്കുറിച്ച് അവിടുന്ന് പറഞ്ഞുതരും. എന്നാൽ നബിﷺയുടെ സദസ്സിൽ നിന്ന് പിരിഞ്ഞുപോയാൽ നമ്മുടെ കുടുംബവും മക്കളും അധ്വാനവുമൊക്കെയായി നാം മുഴുകുകയും ധാരാളം മറന്നു പോകുകയും ചെയ്യുന്നു.' അബൂബക്കർﷺ പ്രതികരിച്ചു. 'എനിക്കും അതേ അവസ്ഥയാണ്.' അങ്ങനെ ഞാനും അബൂബക്കറും പ്രവാചകന്റെ അടുക്കൽ ചെന്നു. ഞാൻ പറഞ്ഞു. 'ഹൻളല മുനാഫിഖായി പ്രവാചകരേ.' നബിﷺ ചോദിച്ചു. 'എന്താണ് കാരണം?' ഞാൻ പറഞ്ഞു. 'പ്രവാചകരെ, ഞങ്ങൾ അങ്ങയോടൊപ്പം ഇരിക്കുമ്പോൾ അങ്ങ് ഞങ്ങൾക്ക് സ്വർഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചും പറഞ്ഞു തരും– ഞങ്ങൾ നേരിട്ട് അത് കാണുന്നത് പോലെ. പിന്നീട് ഞങ്ങൾ അങ്ങയുടെ അടുക്കൽ നിന്നും പിരിഞ്ഞുപോയാൽ കുടുംബത്തിന്റെയും മക്കളുടെയും സമ്പാദ്യത്തിന്റെയും കാര്യങ്ങളിൽ വ്യാപൃതരാവുകയും ധാരാളമായി മറന്നു പോകുകയും ചെയ്യുന്നു.' (അപ്പോൾ) നബിﷺ പറഞ്ഞു:

والذي نفسي بيده إن لو تدومون على ما تكونون عندي وفي الذكر لصافحتكم الملائكة على فرشكم وفي طرقكم ولكن يا حنظلة ساعة وساعة

''എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം. നിങ്ങൾ എന്റെ അടുത്ത് ഉള്ള തുപോലുള്ള അവസ്ഥ തുടരുകയും ദിക്റിലേർപ്പെടുകയുമാണെങ്കിൽ മലക്കുകൾ നിങ്ങളുടെ വിരിപ്പുകളിലും വഴികളിലും നിങ്ങൾക്ക് ഹസ്തദാനം നൽകും. പക്ഷേ, ഓ ഹൻളല, ഇതിനും അതി നുമൊക്കെ ഓരോ സമയമുണ്ട്. ഇത് നബിﷺ മൂന്നു പ്രാവശ്യം ആവർത്തിച്ചു.'' (മുസ്‌ലിം: 2750).

സ്വഹാബികൾ ദൈവസ്മരണക്ക് വേണ്ടി ഒന്നിച്ചിരിക്കാൻ ഏറെ ഉൽസാഹിക്കുമായിരുന്നു. മുആദ്ﷺ ഒരാളോട് പറഞ്ഞു:

اجلس بنا نؤمن ساعة

''നമുക്ക് ഒന്നിച്ചിരുന്ന് കുറച്ചു ഈമാൻ അധികരിപ്പിക്കാം.''(സ്വഹീഹായ സനദോടെ, അർബഉ മസാ ഇല ഫിൽ ഈമാൻ, അൽബാനി പേജ്:72).

**5. സമയം സൽക്കർമങ്ങൾ കൊണ്ട് നിറക്കുക.**

ദുർബലമായ ഈമാനിനെ ചികിൽസിച്ച് അതിന് ശക്തി പകരാൻ ഏറ്റവും പര്യാപ്തമായ മാർഗങ്ങളി ലൊന്നാണ് ഇത്. അബൂബക്കർ ﷺ ഇതിന് മികച്ച ഉദാഹരണമാണ്. ഒരിക്കൽ നബിﷺ തന്റെ സ്വഹാ ബത്തിനോട് ചോദിച്ചു.

من أصبح منكم اليوم صائماً ؟ قال أبو بكر أنا ، قال فمن تبع منكم اليوم جنازة ؟ قال أبو بكر أنا ، قال، فمن أطعم منكم اليوم مسكيناً،قال أبو بكر أنا ،قال فمن عاد منكم اليوم مريضاً؟ قال أبو بكر أنا ،فقال رسول الله صلى الله عليه وسلم ،ما اجتمعن في امرئ إلا دخل الجنة

'നിങ്ങളിൽ ആരാണ് ഇന്ന് നോമ്പുകാരനായിട്ട് രാവിലെ എഴുന്നേറ്റത്?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' 'നിങ്ങളിൽ ആരാണ് ഇന്ന് ഒരു ജനാസയിൽ പങ്കെടുത്തത്?' അബൂബക്കർﷺ പറഞ്ഞു: 'ഞാൻ പങ്കെടുത്തു.' നബി ﷺ ചോദിച്ചു. 'ആരാണ് ഇന്ന് ഒരു ആവശ്യക്കാരനെ ഭക്ഷിപ്പിച്ചത്?' അബൂ ബക്കർ ﷺ പറഞ്ഞു: 'ഞാൻ ചെയ്തു.' 'നിങ്ങളിൽ ആരാണ് ഇന്ന് ഒരു രോഗിയെ സന്ദർശിച്ചത്?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാൻ സന്ദർശിച്ചു.' നബി ﷺ പറഞ്ഞു: 'ഇതെല്ലാം ഒരാൾ ചെയ്താൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കാതിരിക്കുകയില്ല.'(മുസ്‌ലിം, കിതാബ്-ഫളാഇലുസ്വഹാബഃ, ബാബ് 1, ഹദീഥ് 12).

അബൂബക്കർ സിദ്ദീഖ് ﷺ തനിക്ക് ലഭിക്കുന്ന എല്ലാ അവസരങ്ങളും പരമാവധി ഉപയോഗപ്പെടുത്തു ന്നതിൽ അതിയായി ശ്രദ്ധ ചെലുത്തുകയും ധാരാളം ആരാധനാകർമങ്ങളിൽ ഏർപ്പെടുകയും ചെയ്തിരുന്നുവെന്ന് മേൽ സംഭവത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. പ്രവാചകൻﷺയുടെ ഈ ചോദ്യം അപ്രതീക്ഷിതമായതിനാൽ അബൂബക്കർ സിദ്ദീഖ്ﷺവിന്റെ ദിവസങ്ങൾ ആരാധനകളും സൽകർമങ്ങളും കൊണ്ട് നിറഞ്ഞതായിരുന്നുവെന്ന് നമുക്ക് ഗ്രഹിക്കാം. സലഫുസ്സ്വാലിഹീങ്ങൾ സൽകർമങ്ങൾ ചെയ്യുന്നതിലും ഇത്തരം കാര്യങ്ങൾ കൊണ്ട് സമയം ഉപയോഗപ്പെടുത്തുന്നതിലും കാണിച്ച പരിശ്രമങ്ങൾ ഏറ്റവും ഉത്തമമായ നിലയിലുള്ളതായിരുന്നു. സലഫുകളിൽ പെട്ട ഹമ്മാ ദുബ്നുസലമ رحمه الله ഇതിനുദാഹരണമാണ്. ഇമാം അബ്ദുർറഹ്മാനിബ്നു മഹ്ദി رحمه الله പറഞ്ഞു: ''നിങ്ങൾ നാളെ മരിക്കും'' എന്ന് ഹമ്മാദിബ്നു സലമയോട് പറയപ്പെട്ടാൽ (ഇപ്പോൾ പ്രവർത്തിക്കു ന്നതിനേക്കാൾ) കൂടുതലായി ഒരു കർമവും ചെയ്യാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല.''(സിയറു അഅ്ലാമിന്നുബലാഅ്: 7/447).

സൽകർമങ്ങൾ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**(എ) ചെയ്യാൻ ധൃതി കാണിക്കണം.** അല്ലാഹു പറയുന്നു:

وسارعوا إلى مغفرة من ربكم وجنة عرضها السماوات والأرض

'' നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശ ഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ''(ആലു ഇംറാൻ: 133)

سابقوا إلى مغفرة من ربكم وجنة عرضها كعرض السماء والأرض

''നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനത്തിലേക്കും സ്വർഗത്തിലേക്കും നിങ്ങൾ മുൻകടന്നു വരുവിൻ. അതിന്റെ വിസ്താരം ആകാശത്തിന്റെയും ഭൂമിയുടെയും വിസ്താരം പോലെയാണ്. ''(57:21).

ഈ വചനങ്ങളുടെ സാരം പ്രവാചകൻﷺയുടെ അനുചരന്മാരെ ഉത്സാഹിപ്പിക്കുകയും കർമനിരത രാക്കുകയും ചെയ്തു. അനസ്ബ്നുമാലിക്ؓൽ നിന്നും ഇമാം മുസ്‌ലിം رحمه الله തന്റെ സ്വഹീഹിൽ ഉദ്ധരിക്കുന്നു. ബദ്ർ യുദ്ധത്തിൽ മുശ്‌രിക്കുകൾ മുന്നോട്ടടുത്തപ്പോൾ നബിﷺ പറഞ്ഞു.''ആകാശഭൂമികളോളം വിസ്താരമുള്ള സ്വർഗത്തിലേക്ക് നിങ്ങൾ എഴുന്നേറ്റ് ചെല്ലുക.'' ഉമൈറുബ്നുഹിമാം ؓ എന്ന അൻസാരി പറഞ്ഞു. ''ഓ പ്രവാചകരേ! ആകാശഭൂമികളോളം വിസ്താരമുള്ള സ്വർഗമോ?'' പ്രവാചകൻﷺ പറഞ്ഞു. ''അതെ.'' അദ്ദേഹം പറഞ്ഞു: ''അത് വളരെ ഉയർന്നതാണ്.'' പ്രവാചകൻﷺ ചോദിച്ചു. ''അത് വളരെ ഉയർന്നതാണ് എന്ന് പറയാൻ താങ്കളെ പ്രേരിപ്പിച്ചതെന്താണ്?'' അദ്ദേഹം പറഞ്ഞു: ''ഒന്നുമില്ല, അല്ലാഹുവാണെ, പ്രവാചകരെ, ഞാൻ അക്കൂട്ടത്തിൽ പെടുന്ന ഒരാളാവണം എന്ന് ആശിക്കുന്നുവെന്നല്ലാതെ.'' നബിﷺ പറഞ്ഞു: ''താങ്കൾ അതിൽ പെട്ട ഒരാളാവും.'' അദ്ദേഹം തന്റെ കീശയിൽ നിന്നും ഒരു കാരക്കയെടുത്ത് കഴിച്ചു തുടങ്ങി. എന്നിട്ട് പറഞ്ഞു: ''ഇവ ഭക്ഷിച്ചു കഴിയുന്നതുവരെ ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ അത് വളരെ കൂടുതലാണ്.'' ആ കാരക്ക വലിച്ചെറിഞ്ഞ് യുദ്ധക്കളത്തിലേക്കിറങ്ങി വധിക്കപ്പെടുന്നതുവരെ അദ്ദേഹം പോരാടി. (മുസ്‌ലിം:1901).

മുമ്പ് മൂസാ(അ) രക്ഷിതാവിനെ കാണാൻ ധൃതി കാണിച്ചുകൊണ്ട് പറഞ്ഞു:

وعجلت إليك ربي لترضى

''...എന്റെ രക്ഷിതാവേ, നീ തൃപ്തിപ്പെടുന്നതിന് വേണ്ടിയാണ് ഞാൻ നിന്റെ അടുത്തേക്ക് ധൃതിപ്പെട്ട് വന്നിരിക്കുന്നത്...''(ത്വാഹാ:84).

സകരിയ്യാ നബി(അ)യെയും പത്നിയെയും പ്രശംസിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

إنهم كانوا يسارعون في الخيرات ويدعوننا رغباً ورهباً وكانوا لنا خاشعين

''തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും പേടിച്ചുകൊണ്ടും നമ്മോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു''(അമ്പിയാഅ്: 90).

നബിﷺ പറഞ്ഞു:

التؤدة في كل شيء -وفي رواية خير -إلا في عمل الآخرة

''എല്ലാ കാര്യത്തിലും ഗാഢമായി പര്യാലോചിക്കുക.'' മറ്റൊരു റിപ്പോർട്ടിൽ, ''പരലോകത്തിലേക്കുള്ള കർമങ്ങളെ സംബന്ധിച്ച് ഒഴികെ'' എന്നു കൂടിയുണ്ട്. (അബൂദാവൂദ് 5/175, സ്വഹീഹുൽ ജാമിഅ്: 3009).

**(ബി) തുടർന്നുകൊണ്ടിരിക്കണം.** നബിﷺ റബ്ബിൽ നിന്നുള്ള ഖുദ്സിയായ ഒരു ഹദീഥിലൂടെ പറഞ്ഞു തരുന്നു:

ما يزال عبدي يتقرب إلي بالنوافل حتى أحبه
''എന്റെ അടിമ കൂടുതലായ ഐഛിക കർമങ്ങൾ മുഖേന എന്നിലേക്ക് അടുത്തുകൊണ്ടിരിക്കും, ഞാൻ ആ അടിമയെ സ്നേഹിക്കുന്നതു വരെ.''(സ്വഹീഹുൽ ബുഖാരി 6137). 'മാ യസാലു' എന്ന പ്രയോഗം തുടർന്നുകൊണ്ടിരിക്കുക എന്ന വിവക്ഷയാണ് നൽകുന്നത്. നബിﷺ പറഞ്ഞു: تابعوا الحج والعمرة ''നിങ്ങൾ ഹജ്ജും ഉംറയും തുടർന്നുകൊണ്ടിരിക്കുക''(തുർമുദി 810, സിൽസിലത്തുസ്സ്വഹീഹ: 1200).

സ്വയം നിഷ്ക്രിയമായി മാറുന്ന അവസ്ഥയിലേക്ക് പോവാതെ ഈമാനിനെ കരുത്താർജിപ്പിക്കുന്നതിന് ഇത് സുപ്രധാന ഘടകമാണ്. തുടർച്ചയായി നിർവഹിക്കാത്ത ഒരു വലിയ സൽകർമത്തെക്കാൾ ഉത്തമമാണ് തുടർച്ചയായി നിർവഹിക്കുന്ന ഒരു ചെറിയ സൽകർമം. ധർമബോധമുള്ള സൽകർമങ്ങൾ തുടർച്ചയായി നിർവഹിച്ചാൽ ഈമാൻ കരുത്തുറ്റതാകും. നബിﷺയോട് ചോദിക്കപ്പെട്ടു: أي الأعمال أحب إلى الله ؟ قال : أدومها وإن قل ''അല്ലാഹിവിങ്കൽ അത്യധികം പ്രിയപ്പെട്ടതായ സൽകർമം ഏതാണ്?'' അദ്ദേഹം പറഞ്ഞു: ''തുടർച്ചയായി ചെയ്യുന്ന കർമം, അത് ചെറുതാണെങ്കിലും.''(ബുഖാരി, ഫത്ത്ഹുൽബാരി: 11/194).

നബിﷺ എന്തെങ്കിലും ഒരു പുണ്യകർമം ചെയ്താൽ അത് നിലനിർത്തുമായിരുന്നു. (മുസ്ലിം, കിതാബുസ്സ്വലാത്തിൽ മുസാഫിരീൻ, ബാബ്-18, ഹദീഥ് നമ്പർ: 141).

**(സി) പരമാവധി ചെയ്യാൻ ശ്രമിക്കണം.** ഹൃദയത്തിന്റെ കാഠിന്യത്തിന് ചികിത്സ നടത്തുമ്പോൾ താൽക്കാലിക പരിഹാരം കണക്കാക്കരുത്. കാരണം അൽപകാലത്തേക്ക് ഈമാൻ വർധിക്കുകയും പിന്നീട് ക്ഷയിക്കുകയും ചെയ്യും. അതിനാൽ ഈ ചികിൽസ എന്നത് ഒരു നിരന്തര പരിശ്രമമായിരിക്കണം.

മാത്രമല്ല, ആരാധനാകാര്യങ്ങളിൽ മുഴുകാൻ പരമാവധി ശ്രമിച്ചാൽ മാത്രമെ പരിഹാരം ഉണ്ടാവുകയുള്ളൂ. ആരാധനാകാര്യങ്ങളിലുള്ള അടിമകളുടെ പ്രയത്നത്തെക്കുറിച്ച് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിരവധി പരാമർശങ്ങൾ കാണാം.

إنما يؤمن بآياتنا الذين إذا ذكروا بها خروا سجداً وسبحوا بحمد ربهم وهم لا يستكبرون ، تتجافى جنوبهم عن المضاجع يدعون ربهم خوفاً وطمعاً ومما رزقناهم ينفقون
''നമ്മുടെ ദൃഷ്ടാന്തങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ സാഷ്ടാംഗം പ്രണമിക്കുന്നവരായി വീഴുകയും, തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് പ്രകീർത്തിക്കുകയും ചെയ്യുന്നവർ മാത്രമെ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയുള്ളു. അവർ അഹംഭാവം നടിക്കുകയില്ല. ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കാനായി കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്. അവർക്ക് നാം നൽകിയതിൽ നിന്ന് അവർ ചെലവഴിക്കുകയും ചെയ്യും.''(അസ്സജദ:15,16).

كانوا قليلاً من الليل ما يهجعون وبالأسحار هم يستغفرون وفي أموالهم حق للسائل والمحروم

''രാത്രിയിൽ നിന്ന് അൽപഭാഗമേ അവർ ഉറങ്ങാറുണ്ടായിരുന്നുള്ളൂ. രാത്രിയുടെ അന്ത്യവേളകളിൽ അവർ പാപമോചനം തേടുന്നവരായിരുന്നു. അവരുടെ സ്വത്തുക്കളിലാകട്ടെ ചോദിക്കുന്നവന്നും (ഉപജീവനം) തടയപ്പെട്ടവന്നും ഒരു അവകാശമുണ്ടായിരിക്കുകയും ചെയ്യും.''(അദ്ദാരിയാത്ത് :17 ,19).

സലഫുസ്സാലിഹീങ്ങൾ എങ്ങനെയാണ് ദൈവഭക്തരുടെ നല്ല ധാർമികഗുണങ്ങൾ കരസ്ഥമാക്കിയത് എന്ന് വായിച്ചു മനസ്സിലാക്കണം. എങ്കിൽ, അത് ഒരാളെ ഇബാദത്തുകൾ അധികരിപ്പിക്കാൻ സഹായിക്കുകയും, അവരുടെ മാതൃക പിൻപറ്റാൻ പ്രേരിപ്പിക്കുകയും ചെയ്യും. ഉദാഹരണത്തിന്, ഖുർആനിലെ ഏഴിലൊന്ന് അവർ ദിവസവും പാരായണം ചെയ്തിരുന്നു; യുദ്ധത്തിൽ പങ്കെടുക്കുമ്പോൾ പോലും അവർ ഖിയാമുല്ലൈൽ നമസ്കരിക്കുമായിരുന്നു. തടവറകളിൽ പോലും അവർ തഹജ്ജുദ് നമസ്കാരം നിർവഹിച്ചിരുന്നു. കവിളുകളിലൂടെ കണ്ണീരൊലിപ്പിച്ചുകൊണ്ടും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടും അവർ നമസ്കരിക്കുമായിരുന്നു. അവരിലൊരാൾ തന്റെ ഭാര്യ ഉറങ്ങുന്നതുവരെ അവളുടെയടുത്ത് കിടക്കും, ഒരു മാതാവ് തന്റെ കുഞ്ഞിനെ ഉറക്കാൻ കൂടെക്കിടത്തുന്നതുപോലെ. ശേഷം എഴുന്നേറ്റ് ഖിയാമുല്ലൈൽ നമസ്കരിക്കും. രാത്രിയെ അവർ ഭാര്യമാർക്കും അവർക്കുമിടയിൽ വിഭജിച്ചു. പകലിനെ നോമ്പ്, പഠനം, അധ്യാപനം, ജനാസയിൽ പങ്കെടുക്കൽ, രോഗിയെ സന്ദർശിക്കൽ, ആളുകളുടെ ആവശ്യം നിർവഹിച്ചുകൊടുക്കൽ എന്നിവയിൽ ഉപയോഗപ്പെടുത്തി. ചിലർ വർഷങ്ങളോളം ഇമാമുമൊത്തുള്ള തക്ബീറത്തുൽ ഇഹ്റാം നഷ്ടപ്പെടുത്താതെ ജമാഅത്തായി നമസ്കരിച്ചവരായിരുന്നു. ഒരു നമസ്കാരത്തിന് ശേഷം മറ്റൊന്നിനു വേണ്ടി അവർ കാത്തു നിൽക്കും. തന്റെ സഹോദരൻ മരണപ്പെട്ടാൽ ആ സഹോദരന്റെ കുട്ടികളെ പരിചരിക്കും, വർഷങ്ങളോളം അവർക്ക് ചെലവിന് കൊടുക്കും. അങ്ങനെ അവരുടെ ഈമാൻ വർധിച്ചുകൊണ്ടിരിക്കും.

**(ഡി) മടുപ്പുവരാതെ നോക്കണം:** നിരന്തരം ആരാധനാകർമങ്ങൾ അനുഷ്ഠിക്കുകയും കഴിവിന്റെ പരമാവധി അതിന് ശ്രമിക്കുകയും ചെയ്യുക എന്നത് മുഷിപ്പും മടുപ്പും തോന്നുന്ന ഘട്ടത്തിലേക്ക് ചെന്നെത്തുക എന്നതല്ല സൂചിപ്പിക്കുന്നത്. മറിച്ച് കഴിവും ആരോഗ്യവും ഉള്ളപ്പോൾ പരമാവധി ആരാധനാകർമങ്ങൾ ചെയ്യാൻ പരിശ്രമിക്കുന്നതിൽ നിന്നും വിട്ടുനിൽക്കരുത് എന്നാണ് ഉദ്ദേശ്യം. ക്ഷീണവും മറ്റുമുള്ളപ്പോൾ ആവുന്നത് മാത്രം ചെയ്യുക. നബിﷺയുടെ ഹദീഥിൽ നിന്നും ഇത് നമുക്ക് ഗ്രഹിക്കാം. നബിﷺ പറഞ്ഞു:

إن الدين يسر ،ولن يشاد الدين أحد إلا غلبه فسددوا وقاربوا ..

''മതം എളുപ്പമാണ്. ആരെങ്കിലും അതിനെ സ്വയം ഭാരമുള്ളതാക്കിയാൽ അത് അവനെ കീഴ്പ്പെടുത്താതിരിക്കുകയില്ല. അതിനാൽ നിങ്ങൾ (തീവ്രമാക്കാതെ) നേരെചൊവ്വേ നിലകൊള്ളുക, പൂർണതയിലേക്ക് എത്താൻ ശ്രമിക്കുക.''(സ്വഹീഹുൽ ബുഖാരി : 6099). (ഈ അധ്യായത്തിന് 'മാ യുക്റഹു മിൻ തശ്ദീദ് ഫിൽ ഇബാദ' (മതത്തിലെ തീവ്രതയെ വിലക്കുന്ന അധ്യായം) എന്നാണ് ഇമാം ബുഖാരി നാമകരണം ചെയ്തിരിക്കുന്നത്). അനസ്ﷺ പറഞ്ഞു:

നബിﷺ പള്ളിയിൽ പ്രവേശിച്ചപ്പോൾ രണ്ട് തൂണുകളിൽക്കിടയിൽ ഒരു കയർ കെട്ടിയിരിക്കുന്നത് കണ്ടു. അദ്ദേഹം ചോദിച്ചു:

ما هذا الحبل قالوا هذا حبل لزينب فإذا فترت تعلقت قال النبي صلى الله عليه وسلم : لا ، حلوه ليصل أحدكم نشاطه فإذا فتر فليقعد

'എന്തിനാണ് ഈ കയർ?' അവർ പറഞ്ഞു: 'ഇത് സൈനബിന്റേതാണ്, അവർ തളരുമ്പോൾ ഇതിൽ പിടിക്കും.' നബിﷺ പറഞ്ഞു: 'വേണ്ട, അത് അഴിച്ചു മാറ്റുക. നിങ്ങളിൽ ഒരാൾ ഉന്മേഷമുള്ളിടത്തോളം നമസ്കരിക്കുക. ക്ഷീണം തോന്നിയാൽ, അയാൾ ഇരുന്നുകൊള്ളട്ടെ.'(ബുഖാരി: 1099).

അബ്ദുല്ലാഹിബ്നു അംറിബ്നുൽ ആസ് ﷺ രാത്രി മുഴുവൻ നിന്നു നമസ്കരിക്കുകയും ദിവസങ്ങളോളം നോമ്പ് അനുഷ്ഠിക്കുകയും ചെയ്യുന്നുവെന്ന വിവരം നബിﷺ അറിഞ്ഞപ്പോൾ അദ്ദേഹത്തെ അതിൽ നിന്ന് തടഞ്ഞുകൊണ്ട് ഇങ്ങനെ പറഞ്ഞു:

فإنك إذا فعلت هجمت عينك - يعني غارت أو ضعفت لكثرة السهر - ونفهت نفسك - يعني كلت

''താങ്കൾ ഇത് തുടരുകയാണെങ്കിൽ താങ്കളുടെ കണ്ണുകൾ (രാത്രി ദീർഘനേരം ഉറക്കമൊഴിക്കുന്നതിനാൽ) കുഴിഞ്ഞുപോവുകയും താങ്കൾ ക്ഷീണിതനാവുകയും ചെയ്യും''. നബിﷺ പറഞ്ഞു:

اكلفوا من العمل ما تطيقون فإن الله عز وجل لا يمل حتى تملوا وإن أحب الأعمال إلى الله عز وجل أدومه وإن قل

''നിങ്ങൾക്ക് ചെയ്യാൻ കഴിയുന്നത്ര സൽകർമങ്ങൾ നിങ്ങൾ ചെയ്യുക, നിങ്ങൾക്ക് മടുക്കുന്നത് വരെ. അല്ലാഹുവിന് മടുക്കുകയില്ല. അല്ലാഹുവിങ്കൽ ഏറ്റവും ഇഷ്ടപ്പെട്ട കർമം തുടർച്ചയായി ചെയ്യുന്ന കർമമാണ്, അത് അൽപമാണെങ്കിൽ പോലും.''(ബുഖാരി, ഫത്ഹുൽബാരി:"3/38).

**(ഇ) നഷ്ടപ്പെട്ടവ വീണ്ടെടുക്കാം.** ഉമറുബ്നുൽ ഖത്വാബ് ﷺ റിപ്പോർട്ട് ചെയ്യുന്നു. നബി ﷺ പറഞ്ഞു:

من نام عن حزبه من الليل ، أو شيء منه فقرأه فيما بين صلاة الفجر وصلاة الظهر ، كتب له كأنما قرأه من الليل

''ഒരാൾ രാത്രി പാരായണം ചെയ്യേണ്ട ഖുർആൻ വചനങ്ങൾ പാരായണം ചെയ്യാതെ ഉറങ്ങിപ്പോവുകയും, സുബ്ഹിയുടെയും ദുഹ്റിന്റെയും ഇടയിലുള്ള സമയത്ത് അത് പാരായണം ചെയ്യുകയും ചെയ്താൽ, രാത്രി തന്നെ പാരായണം ചെയ്തതുപോലെ രേഖപ്പെടുത്തപ്പെടും.'' (നസാഇയും മറ്റും റിപ്പോർട്ടു ചെയ്തത്. അൽമുജ്തബ 2/68, സ്വഹീഹുൽജാമിഅ് 1228).

ആഇശ ﷺ പറഞ്ഞു.

كان رسول الله صلى الله عليه وسلم إذا صلى صلاة داوم عليها وكان إذا فاته القيام من الليل غلبته عيناه بنوم أو وجع صلى ثنتي عشرة ركعة من النهار

''നബിﷺ ഒരു നമസ്കാരം നിർവഹിച്ചാൽ അത് നിലനിർത്തും. ക്ഷീണമോ ഉറക്കമോ മറ്റു വേദനയോ കാരണം രാത്രി നമസ്കാരം (പതിനൊന്ന് റക്അത്ത്) നഷ്ടപ്പെട്ടാൽ പകൽ പന്ത്രണ്ട് റക്അത്ത് നിർവഹിക്കും'' (അഹ്മദ് 6/95).

നബിﷺ അസർ നമസ്കാരത്തിനുശേഷം രണ്ട് റക്അത്ത് നമസ്കരിക്കുന്നതു കണ്ട് ഉമ്മു സലമﷺ ചോദിച്ചപ്പോൾ നബിﷺ പറഞ്ഞു:

يا ابنة أبي أمية سألت عن الركعتين بعد العصر وإنه أتاني ناس من عبد القيس فشغلوني عن الركعتين اللتين بعد الظهر فهما هاتان

''അബൂ ഉമയ്യയുടെ മകളേ, അസർ നമസ്കാരത്തിനു ശേഷം നിർവഹിച്ച രണ്ട് റക്അത്തിനെക്കുറിച്ചാണോ ചോദിച്ചത്? അബ്ദുൽഖൈസിലെ ചില ആളുകൾ എന്റെയടുക്കൽ വന്നതിനാൽ ദുഹ്റിന് ശേഷമുള്ള രണ്ട് റക്അത്ത് നമസ്കാരം നിർവഹിക്കാൻ സാധിച്ചില്ല. അവയാണ് ഈ രണ്ട് റക്അത്ത് നമസ്കാരം.''(ബുഖാരി, ഫത്ത്ഹുൽബാരി: 3/105).

وكان إذا فاته الأربع قبل الظهر صلاها بعد الظهر

''നബിﷺ ദുഹറിന് മുമ്പുള്ള നാലു റക്അത്ത് നമസ്കരിക്കാൻ സാധിക്കാതിരുന്നാൽ ദുഹറിന് ശേഷം അത് നമസ്കരിക്കുമായിരുന്നു.'' (സ്വഹീഹുൽ ജാമിഅ്: 4759).

റവാത്തിബായ സുന്നത്ത് നമസ്കാരങ്ങൾ നഷ്ടപ്പെട്ടാൽ അത് പിന്നീട് വീട്ടാം എന്ന് മേൽ ഹദീഥുകൾ സൂചിപ്പിക്കുന്നു. ഇബ്നുൽഖയ്യിം رحمه الله നബിﷺയുടെ ശഅ്ബാനിലെ നോമ്പിനെക്കുറിച്ച് പറഞ്ഞു:

أنه كان يصوم ثلاثة أيام من كل شهر فربما شغل عن الصيام أشهراً فجمع ذلك في شعبان ليدركه قبل صيام الفرض

''എല്ലാ മാസവും മൂന്നു ദിവസം അദ്ദേഹം നോമ്പനുഷ്ടിച്ചിരുന്നു. ചിലപ്പോൾ അത് മുടങ്ങിയേക്കാം, അപ്പോൾ നിർബന്ധമായ നോമ്പിന് (റമദാൻ) മുമ്പായി ശഅ്ബാനിൽ അവയെല്ലാം അനുഷ്ഠിക്കും.'' (തഹ്ദീബു സുനനി അബീദാവൂദ് 3/318).

നബിﷺ റമളാനിന്റെ അവസാനത്തെ പത്തിൽ ഇഅ്ത്തികാഫ് ഇരിക്കുമായിരുന്നു. ഒരു വർഷം അത് നഷ്ടപ്പെട്ടാൽ അടുത്ത വർഷം ഇരുപത് ദിവസം ഇഅ്തികാഫ് ഇരിക്കുമായിരുന്നു.(ഫത്ഹുൽ ബാരി: 4/285).

**(എഫ്) കർമങ്ങൾ സ്വീകരിക്കുമെന്ന പ്രതീക്ഷയോടൊപ്പം തള്ളിക്കളയുമോ എന്ന ഭയവും ഉണ്ടാവണം.** ഇബാദത്തുകളും മറ്റു സൽകർമങ്ങളും പരമാവധി നിർവഹിക്കാൻ പരിശ്രമിക്കുമ്പോൾ ആ ഭയം നീങ്ങുന്നതാണ്. ആയിശ؅ പറഞ്ഞു: 'ഞാൻ നബിﷺയോട് والذين يؤتون ما آتوا وقلوبهم وجلة ''മനസ്സിൽ ഭയത്തോട് കൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും ആരോ....''(മുഅ്മിനൂൻ : 20) എന്ന വചനത്തെക്കുറിച്ച് ചോദിച്ചു: ''അവർ മദ്യപിക്കുകയും മോഷ്ടിക്കുകയും ചെയ്തവരാണോ?'' നബിﷺ പറഞ്ഞു:

لا يا ابنة الصديق ولكنهم الذين يصومون ويصلون ويتصدقون وهم يخافون أن لا يقبل منهم أولئك الذين يسارعون في الخيرات

''അല്ല, സിദ്ദീഖിന്റെ മകളെ, അവർ നമസ്കരിക്കുകയും നോമ്പ് നോൽക്കുകയും ദാനധർമങ്ങൾ ചെയ്യുകയും ചെയ്യുന്നവരാണ്- ഈ കർമങ്ങൾ തങ്ങളിൽ നിന്ന് സ്വീകരിക്കപ്പെടുമോ എന്ന ഭയത്തോടു കൂടി.'' ''അവരത്രെ നന്മകളിൽ ധൃതിപ്പെട്ട് മുന്നേറിയവർ....''(23:61). (തുർമുദി 3175, സിൽസിലത്തുസ്വഹീഹ 1/162).

അബൂദർദാഅ്؄ പറഞ്ഞു:

لأن أستيقن أن الله قد تقبل مني صلاة واحدة أحب إلي من الدنيا وما فيها ، إن الله يقول : { إنما يتقبل الله من المتقين }

''നിസ്സംശയം അല്ലാഹു എന്നിൽ നിന്നും ഒരു നമസ്കാരം സ്വീകരിക്കുന്നത് ഈ ലോകത്തെക്കാളും അതിലുള്ളതിനെക്കാളും എനിക്ക് പ്രിയങ്കരമായതാണ്. കാരണം, അല്ലാഹു പറഞ്ഞു: ''ധർമ്മനിഷ്ഠയുള്ളവരിൽ നിന്നു മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ.''(5:27). (തഫ്സീറുബ്നു കഥീർ 3/67).

വിശ്വാസിയുടെ ലക്ഷണങ്ങളിൽപെട്ടതാണ് അല്ലാഹുവിനോടുള്ള ബാധ്യതകൾ നിർവഹിക്കുന്നതിൽ സ്വന്തത്തെ നിസ്സാരമായി കാണുക എന്നത്. (അതായത് നല്ലപോലെ ചെയ്തിട്ടില്ല, പൂർണമായി അനുഷ്ഠിച്ചിട്ടില്ല എന്ന ചിന്ത). നബിﷺ പറഞ്ഞു:

لو أن رجلاً يجر على وجهه من يوم ولد إلى يوم يموت هرماً في مرضاة الله عز وجل لحقره يوم القيامة

''അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി ഒരാൾ ജനനം മുതൽ വാർധക്യം ബാധിച്ച് മരിക്കുന്നത് വരെയും മുഖം നിലത്തിഴഞ്ഞുകൊണ്ട് വലിക്കുകയാണെങ്കിലും താൻ ചെയ്തത് നിസ്സാരമാണെന്ന് അന്ത്യനാളിൽ അയാൾക്ക് തോന്നും.''(ഇമാം അഹ്മദ് - അൽമുസ്നദ് 4/184, സ്വഹീഹുൽ ജാമിഅ്: 5249).

അല്ലാഹുവിനെ അറിയുകയും സ്വന്തത്തെക്കുറിച്ച് തിരിച്ചറിവ് നേടുകയും ചെയ്തവന് വ്യക്തമാകും; തന്റെ കർമങ്ങൾ മതിയായതല്ല എന്ന്. മനുഷ്യ-ജിന്ന് വർഗ്ഗങ്ങളുടെ മുഴുവൻ കർമങ്ങൾ കൊണ്ടുവന്നാലും സർവോന്നതനായ അല്ലാഹു അവന്റെ കാരുണ്യവും ദയയും കൊണ്ടാണ് ആ കർമം സ്വീകരിക്കുക. അവന്റെ ദയയും കാരുണ്യവും കൊണ്ട് അതിന് പ്രതിഫലം നൽകുകയും ചെയ്യുന്നു.

**6. വിവിധതരത്തിലുള്ള ആരാധനാകർമങ്ങൾ ചെയ്യുക:**

വ്യത്യസ്തമായ ആരാധനാകർമങ്ങൾ അല്ലാഹു നമുക്ക് നിശ്ചയിച്ചു തന്നുവെന്നത് അവന്റെ കാരുണ്യത്തിന്റെ ഒരു ഭാഗവും അവന്റെ യുക്തിയുമാണ്. നമസ്കാരം പോലെയുള്ളവ ശാരീരികവും സകാത്ത് സാമ്പത്തികവും ഹജ്ജ് പോലെയുള്ളവ സാമ്പത്തികവും ശാരീരികവുമായ ഭാവങ്ങൾ ചേർന്നതാണ്. ദിക്റുകളും ദുആകളും പോലെയുള്ളവ നാവുകൊണ്ടുള്ള ആരാധനയാണ്. ചില ആരാധനകളെ നിർബന്ധമെന്നും ഐഛികമെന്നും രണ്ടായി തിരിച്ചിരിക്കുന്നു. ഇവയുടെ ശ്രേഷ്ഠതകൾ വ്യത്യസ്തമായിരിക്കും. ചിലത് പ്രാധാന്യം കുറഞ്ഞവയാണ്. അസറിന് മുമ്പുള്ള നാല് റക്അത്ത് നമസ്കാരം, ളുഹാ നമസ്കാരം പോലെയുള്ളവ. ചിലത് പ്രാധാന്യം കൂടിയവയാണ്; രാത്രി നമസ്കാരം പോലെ. ഈ നമസ്കാരം തന്നെ പല രീതിയിൽ നമസ്കരിക്കാം. രണ്ടും രണ്ടും വീതം, അല്ലെങ്കിൽ നാലും നാലും വീതം എന്നിങ്ങനെ. ഒറ്റയായി അവസാനിക്കുന്ന വിധം വിത്ർ നമസ്കാരം അഞ്ചോ, ഏഴോ, ഒമ്പതോ ആവാം. ആരാധനാകർമങ്ങൾ അനുഷ്ഠിക്കാൻ ശ്രമിക്കുന്നവർക്ക് വിവിധ എണ്ണവും രീതിയും സമയവും മാർഗവും വിധികളുമൊക്കെ കാണാൻ കഴിയും. ആർക്കും മുഷിപ്പ് വരികയില്ല എന്നതാണ് ഇതിന്റെ പ്രത്യേകത, മറിച്ച് അയാളുടെ താൽപര്യം നിരന്തരം നവീകരിക്കപ്പെടും. ജനങ്ങൾ എല്ലാവരും ഒരുപോലെയല്ല; എല്ലാവർക്കും ഒരുപോലെയുള്ള കഴിവുകളോ പ്രേരകങ്ങളോ ഇല്ല. ചിലർ മറ്റുള്ളവരെക്കാൾ കൂടുതൽ ആരാധനാകർമങ്ങളിൽ മുഴുകുന്നവരായിരിക്കും. താഴെ കൊടുത്തിരിക്കുന്ന ഹദീഥിൽ പറഞ്ഞതുപോലെ വ്യത്യസ്ത ആരാധനകളിൽ ഏർപ്പെടുന്നവർക്ക് സ്വർഗത്തിൽ കവാടങ്ങൾ ഏർപ്പെടുത്തിയ നാഥന് സർവസ്തുതിയും. നബിﷺപറയുന്നു:

من أنفق زوجين في سبيل الله نودي من أبواب الجنة : يا عبد الله هذا خير فمن كان من أهل الصلاة دعي من باب الصلاة ومن كان من أهل الجهاد دعي من باب الجهاد ومن كان من أهل الصيام دعي من باب الريان ومن كان من أهل الصدقة دعي من باب الصدقة

''ആരെങ്കിലും രണ്ട് ഇണകൾക്ക് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് നൽകിയാൽ സ്വർഗത്തിന്റെ കവാടങ്ങളിൽ നിന്നും വിളിക്കപ്പെടും. 'ഓ അല്ലാഹുവിന്റെ ദാസാ, ഇത് നന്മയാണ്.' ആരെങ്കിലും നമസ്കരിക്കുന്നവരിൽ പെട്ടവനാണെങ്കിൽ നമസ്കാരത്തിന്റെ കവാടത്തിലൂടെ വിളിക്കപ്പെടും. ആർ ജിഹാദിന്റെ ആളുകളിൽ പെട്ടവനാണോ, അവൻ ജിഹാദിന്റെ കവാടത്തിലൂടെ വിളിക്കപ്പെടും. ആരെങ്കിലും നോമ്പിന്റെ ആളുകളിൽപ്പെട്ടവനാണെങ്കിൽ അവൻ നോമ്പിന്റെ കവാടത്തിലൂടെ വിളിക്കപ്പെടും. ആർ ദാനധർമത്തിന്റെ ആളുകളിൽപെട്ടവനാണോ അവർ ദാനധർമത്തിന്റെ കവാടത്തിലൂടെ വിളിക്കപ്പെടും.''(ബുഖാരി, 1798).

ഈ പറയപ്പെട്ടതിന്റെ ഉദ്ദേശ്യം വ്യത്യസ്തമായ ധാരാളം ഐഛിക കർമങ്ങളെ കുറിച്ചാണ്. നിർബന്ധകാര്യങ്ങളിൽ (ഇഷ്ടാനുസരണം) തെരഞ്ഞെടുക്കാനുള്ള യാതൊരു പഴുതുമില്ല. എല്ലാവരും അത് നിർവഹിക്കണം. നബിﷺ മറ്റൊരിക്കൽ പറഞ്ഞു:

الوالد أوسط أبواب الجنة

''പിതാവ് സ്വർഗത്തിന്റെ മധ്യകവാടമാണ്.''(തുർമുദി 1900, സ്വഹീഹുൽ ജാമിഅ്: 7145).

അതായത്, മാതാപിതാക്കളെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യണം. ഈമാനിന്റെ ദുർബലതക്കുള്ള ചികിൽസയിൽ ഈ വ്യത്യസ്തതകളൊക്കെ പ്രയോജനകരമാണ്; കാരണം, ഒരാൾക്ക് കൂടുതൽ താൽപര്യമുള്ള മേഖലയിൽ കർമങ്ങൾ അധികരിപ്പിക്കുകയും അതോടൊപ്പം അല്ലാഹു കൽപിച്ച നിർബന്ധമായ കർമങ്ങൾ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യാം. ആരാധനാകർമങ്ങളെ പ്രതിപാദിപ്പിക്കുന്ന ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ, ആത്മാവിന് മനോഹരമായ ഗുണങ്ങളുണ്ടാക്കുന്ന അതിവിശിഷ്ടമായ ഇബാദത്തുകൾ കാണാൻ കഴിയും. ഈ ഒരു സ്ഥിതിവിശേഷം വേറൊരിടത്തും നമുക്ക് കാണാൻ കഴിയില്ല. രണ്ട് ഉദാഹരണങ്ങൾ കാണുക.

അബൂദർദാഅ്ؓ റിപ്പോർട്ട് ചെയ്യുന്നു. നബിﷺ പറഞ്ഞു.

ثلاثة يحبهم الله ، وثلاثة يشنؤهم الله - أي يبغضهم - أما الثلاثة الذين يحبهم الله الرجل يلقى العدو في الفئة فينصب لهم نحره حتى يقتل أو يفتح لأصحابه ،والقوم يسافرون فيطول سراهم حتى يحبوا أن يمسوا الأرض فينزلون فيتنحى أحدهم فيصلي حتى يوقظهم لرحيلهم والرجل يكون له الجار يؤذيه جواره فيصبر على أذاه حتى يفرق بينهما موت أو ظعن

''മൂന്ന് ആളുകളെ അല്ലാഹു സ്നേഹിക്കുകയും മൂന്ന് ആളുകളെ അല്ലാഹു വെറുക്കുകയും ചെയ്യും. അല്ലാഹു സ്നേഹിക്കുന്ന ആളുകൾ-(1) ശത്രുക്കളുടെ മുന്നിൽ മരണം വരെ പോരാടിക്കൊണ്ടിരിക്കുന്ന ഒരു മനുഷ്യൻ, അല്ലെങ്കിൽ ശത്രുക്കളുടെ ചെറുത്തു നിൽപ് ഭേദിച്ചുകൊണ്ട് തന്റെ അനുയായികൾക്ക് വിജയം സമ്മാനിക്കുന്ന ആൾ. (2) രാത്രി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ആളുകൾ ദീർഘസമയത്തിനു ശേഷം ഉറങ്ങാനായി താവളമുണ്ടാക്കുമ്പോൾ (മറ്റുള്ളവരെ യാത്രക്കുവേണ്ടി വിളിച്ച് ഉണർത്തുന്നതു വരെ) മാറി നിന്ന് പ്രാർഥിച്ചുകൊണ്ടിരിക്കുന്ന ഒരാൾ. (3) അയൽവാസി ശല്യപ്പെടുത്തുമ്പോൾ മരണമോ രണ്ടാലൊരാൾ വിട്ടുപോവുകയോ ചെയ്യുന്നത് വരെ ഉപദ്രവങ്ങൾ സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുന്ന മനുഷ്യൻ.''(മുസ്നദ് അഹ്മദ് 5/151, സ്വഹീഹുൽ ജാമിഅ്: 3074).

തന്റെ ഹൃദയം കടുത്തുപോയി എന്ന പരാതിയുമായി നബിﷺയുടെ അടുക്കൽ ഒരാൾ വന്നു. നബിﷺ അദ്ദേഹത്തോട് പറഞ്ഞു:

أتحب أن يلين قلبك وتدرك حاجتك ؟ أرحم اليتيم ، وامسح رأسه ، وأطعمه من طعامك ، يلن قلبك وتدرك حاجتك

''താങ്കളുടെ ഹൃദയം മൃദുലമാവണമെന്നും ആവശ്യങ്ങൾ നിറവേറണമെന്നും ആഗ്രഹമുണ്ടോ? എങ്കിൽ അനാഥയോട് കരുണകാണിക്കുകയും അനാഥയുടെ ശിരസ്സിൽ തലോടുകയും നിങ്ങളുടെ ഭക്ഷണത്തിൽ നിന്നും അവരെ ഭക്ഷിപ്പിക്കുകയും ചെയ്യുക. എങ്കിൽ നിങ്ങളുടെ ഹൃദയം മൃദുലമാവുകയും ആവശ്യങ്ങൾ നിറവേറുകയും ചെയ്യും. ''(ത്വബ്റാനി, ഇതിനെ ബലപ്പെടുത്തുന്ന റിപ്പോർട്ടുകൾക്ക് അൽബാനിയുടെ സിൽസിലത്തുസ്സ്വഹീഹ: 2/533 കാണുക).

ദുർബല ഈമാനിനെ കൈകാര്യം ചെയ്യുക എന്ന വിഷയത്തിൽ ഇതിന് പ്രസക്തിയുണ്ട്.

**7. മോശമായ പര്യവസാനത്തെ ഭയപ്പെടുക:**

കാരണം ഈ ഭയം അല്ലാഹുവിനോടുള്ള ഇബാദത്തുകൾ നിർവഹിക്കാനും ഹൃദയത്തിലെ ഈമാനിനെ നവീകരിക്കാനും പ്രേരിപ്പിക്കും. ഈമാനിന്റെ ദുർബലത, പാപങ്ങളിൽ അകപ്പെടുക തുടങ്ങി മോശമായ പര്യവസാനത്തിലെത്തിക്കുന്ന നിരവധി കാരണങ്ങളുണ്ട്. നബി ﷺ ഇതിന് ഉദാഹരണങ്ങൾ വിവരിച്ചു തന്നിട്ടുണ്ട്.

من قتل نفسه بحديدة فحديدته في يده يتوجأ - أي يطعن - بها في بطنه في نار جهنم خالداً مخلداً فيها أبداً ومن شرب سماً فقتل نفسه فهو يتحساه - أي يشربه في تمهل ويتجرعه- في نار جهنم خالداً مخلداً فيها أبداً ومن تردى من جبل فقتل نفسه فهو يتردى في نار جهنم خالداً مخلداً فيها أبداً

''ഒരാൾ ഒരു ഇരുമ്പിന്റെ ആയുധം ഉപയോഗിച്ച് ആത്മഹത്യ ചെയ്താൽ, കയ്യിൽ ഇരുമ്പിന്റെ ആയുധവുമായി സ്വയം കുത്തികൊണ്ട് നരകാഗ്നിയിൽ ശാശ്വതവാസിയാവും. ആരെങ്കിലും വിഷം കഴിച്ച് ആത്മഹത്യ ചെയ്താൽ വിഷം ഇറക്കുന്ന അവസ്ഥയിൽ ശാശ്വതമായി നരകാഗ്നിയിൽ കഴിയേണ്ടി വരും. ആരെങ്കിലും പർവതത്തിന്റെ മുകളിൽ നിന്നും ചാടി ആത്മഹത്യ ചെയ്താൽ, ശാശ്വതമായി മലയിൽ നിന്നും ചാടുന്ന അവസ്ഥയിൽ നരകാഗ്നിയിൽ കഴിയേണ്ടിവരും.''(മുസ്‌ലിം:109).

ഇതുപോലുള്ള ചില സംഭവങ്ങൾ നബിﷺയുടെ കാലത്തും ഉണ്ടായിട്ടുണ്ട്. മുസ്‌ലിം സൈന്യത്തിൽപെട്ട ഒരാൾ വളരെ ആവേശത്തോടെ പടക്കളത്തിൽ പോരാടിക്കൊണ്ടിരിക്കുന്നു. നബിﷺ പറഞ്ഞു: أما إنه من أهل النار ''അയാൾ നരകത്തിൽ പെട്ട ആളാണ്.'' വിശ്വാസികളിൽപെട്ട ഒരാൾ അയാളെ പിന്തുടർന്നു. ശരീരമാസകലം മുറിവുകളുമായി മരണത്തിലേക്ക് ധൃതിപ്പെട്ട് തന്റെ വാൾ നെഞ്ചിന് നേരെ വച്ച് അതിലേക്ക് അമർന്നുകൊണ്ട് അയാൾ ആത്മഹത്യ ചെയ്തു. (ബുഖാരി, ഫത്ത്ഹുൽബാരി: 7/471).

മോശമായ പര്യവസാനം നേരിട്ട നിരവധി ആളുകളുടെ സംഭവങ്ങൾ പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഇബ്നുൽഖയ്യിം رحمه الله 'അദ്ദാഉവദ്ദവാഅ്' എന്ന ഗ്രന്ഥത്തിൽ പറയുന്നു: ''ഒരാൾ മരിക്കുന്ന സമയത്ത് 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചരിക്കാൻ പറഞ്ഞപ്പോൾ 'എനിക്ക് പറയാൻ കഴിയില്ല' എന്ന് മറുപടി പറഞ്ഞു. മറ്റൊരാളോട് 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചരിക്കാൻ പറഞ്ഞപ്പോൾ അയാൾ മൂളിപ്പാട്ട് പാടാൻ തുടങ്ങി. തന്റെ കച്ചവടത്തിലുള്ള ശ്രദ്ധ അല്ലാഹുവിന്റെ സ്മരണയിൽ നിന്നും മറപ്പിച്ചു കളഞ്ഞ കച്ചവടക്കാരനോട് മരണസമയത്ത് 'ലാഇലാഹഇല്ലല്ലാഹ്' എന്ന് പറയാൻ പറഞ്ഞപ്പോൾ ''ഇത് നല്ല ചരക്കാണ്, ഇത് നിങ്ങൾക്ക് പാകമാണ്. ഇത് നല്ല ലാഭകരമാണ്; എന്നിങ്ങനെ മരിക്കുന്നത് വരെ പറഞ്ഞുകൊണ്ടിരുന്നു.''(ത്വരീഖുൽ ഹിജ്റതൈൻ-308). നാസ്വിർ എന്ന ഭരണാധികാരിയുടെ ഒരു ഭടനോട് മരണാസന്ന സമയത്ത് 'ലാഇലാഹഇല്ലല്ലാഹ്' എന്ന് പറയൂ എന്ന് മകൻ പറഞ്ഞപ്പോൾ 'നാസ്വിർ എന്റെ യജമാനനാണ്' എന്ന് പറഞ്ഞു. മകൻ വീണ്ടും വീണ്ടും ആവർത്തിച്ചപ്പോഴും 'നാസ്വിർ എന്റെ യജമാനനാണ്' എന്ന് പറഞ്ഞുകൊണ്ടേയിരുന്നു. അങ്ങനെ അയാൾ മരിച്ചു. മറ്റൊരു വ്യക്തിയോട് 'ലാഇലാഹഇല്ലല്ലാഹ്' എന്ന് ഉച്ചരിക്കാൻ പറഞ്ഞപ്പോൾ ''ആ വീട്ടിൽ അത് ശരിയാക്കുക, ആ തോട്ടത്തിൽ ഇത് ചെയ്യുക, അതു ചെയ്യുക'' എന്നു പറഞ്ഞു. പലിശയുമായി ബന്ധപ്പെട്ട ആളോട് 'ലാഇലാഹഇല്ലല്ലാഹ്' എന്ന് ഉച്ചരിക്കാൻ പറഞ്ഞപ്പോൾ 'പത്തിന് പതിനൊന്ന്' എന്ന് മരിക്കുന്നതുവരെ പറഞ്ഞു കൊണ്ടിരുന്നു.''(അദ്ദാഉവദ്ദവാഅ്, 170,289). ചിലർ കറുത്തുപോയി, ചിലർ ഖിബ്‌ലയിൽ നിന്നു തിരിഞ്ഞുകളഞ്ഞു. ഇബ്നുൽ ജൗസി رحمه الله പറഞ്ഞു: ''മരണത്തിന്റെ രാത്രിയിൽ ധാരാളം നല്ല വാചകങ്ങൾ പറയുമെന്ന് പ്രതീക്ഷിച്ചിരുന്ന വ്യക്തിയിൽ നിന്നും കേട്ടത് ''എന്റ നാഥൻ എന്നോട് അനീതി പ്രവർത്തിച്ചു'' എന്നാണ്. അയാൾ പറഞ്ഞതിൽ നിന്നും എത്രയോ ഉന്നതനും മഹാനുമാണ് അല്ലാഹു. പക്ഷേ, മരണവേളയിൽ അല്ലാഹു അനീതി കാണിച്ചുവെന്ന് പറഞ്ഞ് അയാൾ ആക്ഷേപിച്ചു. ശേഷം ജൗസി رحمه الله പറഞ്ഞു: ''മരണത്തിന്റെ ആ ദിവസത്തെ കാണുമ്പോൾ എന്നെ സഹായിക്കുന്ന എന്തെങ്കിലും ഉണ്ടാവുമോ എന്നോർത്ത് വിഷമവും നൈരാശ്യവും ബാധിച്ച അവസ്ഥയിൽ ഞാൻ നിലകൊള്ളുന്നു.'' (സ്വയ്ദുൽ ഖവാത്തിർ, 137). സുബ്ഹാനല്ലാഹ്, ആളുകൾ പലപ്പോഴും ഇത് കാണുന്നു. പക്ഷേ, മരണപ്പെട്ടു പോകുന്നവർക്ക് യഥാർഥത്തിൽ എന്താണ് സംഭവിച്ചത് എന്ന് അവർക്കറിയില്ല. (അദ്ദാഉവദ്ദവാഅ് 171).

## 8. എപ്പോഴും മരണത്തെക്കുറിച്ച് ചിന്തിക്കുക.

നബിﷺ പറഞ്ഞു:

أكثروا من ذكر هاذم اللذات يعني الموت

''ആനന്ദത്തിന്റെ അന്തകനെ, അതായത് മരണത്തെ, നിങ്ങൾ എപ്പോഴും ഓർക്കുക.'' (തിർമുദി: 2307, സ്വഹീഹുൽ ജാമിഅ്: 1210).

മരണത്തെക്കുറിച്ചുള്ള ചിന്ത തിന്മയിൽ നിന്നും നമ്മെ തടഞ്ഞു നിർത്തുകയും കഠിന ഹൃദയത്തെ ലോലമാക്കുകയും ചെയ്യും. പ്രയാസങ്ങളുടെ സമയത്ത് മരണത്തെക്കുറിച്ച് ചിന്തിച്ചാൽ ആശ്വാസം തോന്നാത്തവരായി ആരുമില്ല. സുഖസൗകര്യങ്ങളുടെ സമയത്ത് മരണത്തെക്കുറിച്ച് ചിന്തിച്ചാൽ ഞെരുക്കം തോന്നാത്തവരായി ആരുമില്ല. മരണത്തെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന കാര്യങ്ങളി

ലൊന്നാണ് ഖബർ സന്ദർശനം. അതിനാൽ ഖബർ സന്ദർശിക്കാൻ നബിﷺ നമ്മോട് കൽപിക്കുകയും ചെയ്തു. നബിﷺ പറഞ്ഞു:

كنت نهيتكم عن زيارة القبور ، ألا فزوروها فإنها ترق القلب ، وتدمع العين ، وتذكر الآخرة ، ولا تقولوا هجراً

"ഞാൻ നിങ്ങളോട് ഖബറുകൾ സന്ദർശിക്കുന്നതിനെ വിലക്കിയിരുന്നു. എന്നാൽ ഇപ്പോൾ നിങ്ങളത് നിർവഹിച്ചുകൊള്ളുക. കാരണം അത് ഹൃദയം മൃദുലമാക്കും, കണ്ണുകളെ കരയിപ്പിക്കും, മരണാനന്തരത്തെക്കുറിച്ച് ചിന്തിപ്പിക്കും, അസഭ്യമായ രീതിയിൽ നിങ്ങൾ സംസാരിക്കുകയില്ല.''(ഹാകിം: 1/376, സ്വഹീഹുൽ ജാമിഅ്: 4584).

കാഫിറുകളടെ കബറുകൾ സന്ദർശിക്കാനും മുസ്ലിംകൾക്ക് അനുവാദമുണ്ട്. അതിൽ നിന്നും പാഠം ഉൾക്കൊള്ളുവാൻ വേണ്ടി. നബിﷺ ഉമ്മയുടെ ഖബറിനരികിൽ പോയി കരയുകയും ചുറ്റുമുള്ളവരെ കരയിപ്പിക്കുകയും ചെയ്ത സംഭവം സ്വഹീഹായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. നബിﷺ പറഞ്ഞു:

زار قبر أمه فبكى وأبكى من حوله فقال : استأذنت ربي في أن أستغفر لها فلم يأذن لي ، واستأذنته في أن أزور قبرها فأذن لي ، فزوروا القبور فإنها تذكر الموت

''എന്റെ രക്ഷിതാവിനോട് മാതാവിന് വേണ്ടി പൊറുക്കലിനെത്തേടാൻ ഞാൻ അനുവാദം ചോദിച്ചു. പക്ഷെ, അവൻ എന്നെ അനുവദിച്ചില്ല. ഉമ്മയുടെ ഖബർ സന്ദർശിക്കാൻ അനുവാദം ചോദിച്ചു. അപ്പോൾ അല്ലാഹു എനിക്ക് അനുവാദം നൽകി. അതിനാൽ നിങ്ങൾ കബറുകൾ സന്ദർശിക്കുക, കാരണം അത് മരണത്തെ ഓർമ്മിപ്പിക്കും.'' (മുസ്ലിം: 3/65).

ഖബ്ർ സന്ദർശനം ഹൃദയത്തെ ശാന്തമാക്കുന്ന കാര്യങ്ങളിൽ ഒന്നാണ്. സന്ദർശിക്കുന്ന ആൾക്ക് മരണത്തെക്കുറിച്ച് ചിന്തിച്ചതിന്റെ ഗുണം ലഭിക്കും. മരണപ്പെട്ട വ്യക്തിക്ക്, അദ്ദേഹത്തിന് വേണ്ടി ചെയ്ത പ്രാർഥനകളിൽ നിന്നും ഗുണം ലഭിക്കും. ഖബർ സന്ദർശനവേളയിൽ താഴെ കൊടുത്തിരിക്കുന്ന പ്രാർഥന ചൊല്ലുന്നത് പ്രവാചക ചര്യയിൽ പെട്ടതാണ്:

السلام عليكم أهل الديار من المؤمنين والمسلمين ويرحم الله المستقدمين منا والمستأخرين وإنا إن شاء الله بكم للاحقون

''നിങ്ങൾക്ക് സമാധാനമുണ്ടാവട്ടെ; ഓ മുസ്ലിംകളും മുഅ്മിനുകളുമായ ഇവിടുത്തെ നിവാസികളേ. മുമ്പ് കടന്നുപോയവർക്കും ഇനിയും കടന്നുപോവാനുള്ളവർക്കും അല്ലാഹു കരുണ ചെയ്യട്ടെ. ഇൻശാഅല്ലാഹ് ഞങ്ങളും നിങ്ങളോടൊപ്പം കൂടുന്നതാണ്.''(മുസ്ലിം:974).

ഖബർ സന്ദർശിക്കുന്നത് അതിന്റെ വിധിവിലക്കുകൾ പാലിച്ചു കൊണ്ടാവണം. ശരിയായ മനസാന്നിദ്ധ്യത്തോടെയുമായിരിക്കണം. അല്ലാഹുവിന്റെ പ്രീതിയും സംതൃപ്തിയും കാംക്ഷിച്ചുകൊണ്ടും ദുഷിച്ച മനസ്സിനെ ചികിൽസിക്കുവാനും മണ്ണിനടിയിൽ പോയവരിൽ നിന്ന് പാഠമുൾക്കൊള്ളാനും കുടുംബങ്ങളിൽ നിന്നും ഇഷ്ടപ്പെട്ടവരിൽ നിന്നും താൻ അകന്നു പോകുമെന്നു ചിന്തിക്കാനുമായിരിക്കണം ആ സന്ദർശനം. മുൻ കഴിഞ്ഞുപോയ തന്റെ സഹോദരങ്ങളുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കണം. ഭൗതികമായ സമ്പത്തും സുഖസൗകര്യങ്ങളും അവർ സമ്പാദിച്ചു കൂട്ടി. പക്ഷേ, അതിൽ നിന്നെല്ലാം വേർപെട്ട് തന്റെ സമ്പത്തുകൊണ്ട് യാതൊരു പ്രയോജനവുമില്ലാത്ത അവസ്ഥയിലേക്ക് പോയി. അവരുടെ സൗന്ദര്യം ഭൂമി തുടച്ചു നീക്കി. ശരീരം കബറുകൾക്കുള്ളിൽ ദ്രവിച്ചുപോയി. ഭാര്യമാർ വിധവകളായി. മക്കൾ അനാഥരായി. ഐഹിക വിഭവങ്ങൾ, ആരോഗ്യം, യുവത്വം, വിശ്രമവേളകൾ എന്നിവയോടൊക്കെയുള്ള അമിതമായ ആഗ്രഹം, ഇവയുടെ ദൂഷ്യങ്ങളെക്കുറിച്ച് നാം ചിന്തിക്കുക.

ആരെങ്കിലും മരണത്തെക്കുറിച്ച് നിരന്തരം ചിന്തിച്ചാൽ മൂന്നു വിധത്തിൽ അത് പ്രയോജനപ്പെടും: ''പശ്ചാത്തപിക്കാൻ ധൃതിപ്പെടും, ലഭിച്ച അനുഗ്രഹങ്ങളിൽ സന്തുഷ്ടനാകും, ആരാധനാകർമങ്ങളിൽ സജീവമാകും.'' മരണത്തെ മറക്കുന്ന ഒരുവൻ മൂന്നുവിധത്തിൽ നശിപ്പിക്കപ്പെടും: ''പശ്ചാത്തപിക്കാൻ വൈകിപ്പോകും, അത്യാവശ്യം വേണ്ടത്കൊണ്ട് സന്തുഷ്ടനാവുകയില്ല, ഇബാദത്തിന്റെ കാര്യത്തിൽ അലസനായിരിക്കും.'' മനസിനെ സ്വാധീനിക്കുന്ന കാര്യങ്ങളിൽ പെട്ടതാണ് മരണാസ

ന്നമായവരെ സന്ദർശിക്കുക, മരണപ്പെട്ടവരെ സന്ദർശിക്കുക, മരണവേദന അനുഭവിക്കുന്നവരെ സന്ദർശിക്കുക, ഒരാൾ മരണപ്പെട്ടാൽ എങ്ങനെയാണ് അയാൾ മരണപ്പെടുന്നതെന്ന് ചിന്തിക്കുക തുടങ്ങിയവ. ഈ ചിന്തകൾ നിരർഥകമായ വിനോദങ്ങളെ അവസാനിപ്പിക്കും. രാത്രിയിൽ (നമസ്കാരത്തിൽ മുഴുകി) ഉണർന്നിരിക്കാനും നന്മകൾക്കായി പരമാവധി പരിശ്രമിക്കാനും അവനെ പ്രേരിപ്പിക്കും.

ഹസനുൽ ബസ്വരി ഒരിക്കൽ ഒരു രോഗസന്ദർശനത്തിനായി പോയി. മരണവേദനകൊണ്ട് ദുരിതമനുഭവിക്കുന്ന ആൾക്ക് ഉണ്ടായ ശാരീരിക വേദന നേരിൽ കണ്ടു. വീട്ടിൽ നിന്നും പുറപ്പെടുമ്പോഴുണ്ടായിരുന്നതിൽനിന്ന് വ്യത്യസ്തമായ നിറത്തോടെയാണ് അദ്ദേഹം തിരികെ ചെന്നത്. വീട്ടുകാർ പറഞ്ഞു: ''താങ്കൾ വന്നു ഭക്ഷണം കഴിക്കുക, അല്ലാഹു താങ്കളുടെ മേൽ കരുണ ചൊരിയട്ടെ''. അദ്ദേഹം പറഞ്ഞു: ''ഓ എന്റെ കുടുംബമേ നിങ്ങൾ കുടിക്കുകയും കഴിക്കുകയും ചെയ്തുകൊള്ളുക. ഞാൻ ഒരാളുടെ മരണത്തെ കണ്ടു. അത് നേരിൽ കാണുന്നത് വരെ ഞാൻ എന്റെ പ്രവർത്തനം നിറുത്തുകയില്ല.'' (അത്തദ്കിറ-17).

മരണത്തെക്കുറിച്ച് പൂർണബോധമുണ്ടാക്കുന്ന മറ്റൊരു മാർഗം ഖബറടക്കങ്ങളിൽ പങ്കെടുക്കുകയും ജനാസ സ്വയം ചുമലിൽ വച്ച് കൊണ്ട് പോവുകയും ഖബറുകൾ സന്ദർശിക്കുകയും ഖബറടക്കുന്ന ചടങ്ങിൽ പങ്കാളിയാവുകയും സ്വന്തം കൈകൊണ്ട് മണ്ണ് ഖബറിലേക്ക് ഇടുകയുമൊക്കെ ചെയ്യുക എന്നതാണ്. ഇത് മുഖേന പരലോക ചിന്തയുണ്ടാവും. നബിﷺ പറഞ്ഞു:

عودوا المرضى واتبعوا الجنائز تذكركم الآخرة

''രോഗിയെ സന്ദർശിക്കുക, ജനാസയിൽ പങ്കെടുക്കുകയും ചെയ്യുക. ഇത് നിങ്ങളെ പരലോകത്തെക്കുറിച്ച് ഓർമപ്പെടുത്തും.''(അഹ്മദ് 3/48, സ്വഹീഹുൽ ജാമിഅ്: 4109).

ജനാസയിൽ പങ്കെടുക്കുന്നത് ധാരാളം പുണ്യം ലഭിക്കാനും നിമിത്തമാകും. നബിﷺ പറഞ്ഞു:

من شهد الجنازة من بيتها - وفي رواية : من اتبع جنازة مسلم إيماناً واحتساباً - حتى يصل عليها فله قيراط ، ومن شهدها حتى تدفن فله قيراطان من الأجر

''ആരെങ്കിലും (മരണപ്പെട്ട വ്യക്തിയുടെ) വീട്ടിൽ ചെന്ന് ജനാസയിൽ പങ്കെടുക്കുകയും (മറ്റൊരു റിപ്പോർട്ടിൽ, വിശ്വാസത്തോടും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും ആരെങ്കിലും ഒരു മുസ്‌ലിമിന്റെ മയ്യിത്ത് സംസ്കരണത്തിൽ പങ്കെടുത്താൽ) മരണപ്പെട്ട ആൾക്കുവേണ്ടി നമസ്കരിക്കുകയും ചെയ്താൽ അയാൾക്ക് ഒരു ഖീറാത്ത് പ്രതിഫലം ഉണ്ട്; ആരെങ്കിലും ഖബറടക്കുന്നതു വരെ പങ്കെടുത്താൽ അയാൾക്ക് രണ്ട് ഖീറാത്ത് പ്രതിഫലമുണ്ട്.'' അപ്പോൾ ചോദിക്കപ്പെട്ടു: ''ഓ പ്രവാചകരേ, എന്താണീ രണ്ട് ഖീറാത്ത്?'' നബിﷺ പറഞ്ഞു. ''രണ്ട് വലിയ പർവതങ്ങൾ പോലെയുള്ള (പ്രതിഫലം).''(മറ്റൊരു റിപ്പോർട്ടിൽ, ''ഓരോ ഖീറാത്തും ഉഹ്ദ് മലയോളം വരും.'') (ധാരാളം റിപ്പോർട്ടുകളിൽ വന്നത്- അഹ്കാം അൽ ജനാഇസ്- അൽബാനി പേജ്: 67).

സലഫുസ്സ്വാലിഹീങ്ങൾ ഒരാളെ തിന്മയിൽനിന്ന് വിലക്കുമ്പോൾ മരണത്തെക്കുറിച്ച് ചിന്തിക്കുമായിരുന്നു. മറ്റൊരാളെക്കുറിച്ച് അനാവശ്യം പറഞ്ഞ ഒരാളെ ഒരു മുൻഗാമി ഇങ്ങനെ ഉപദേശിച്ചു: ''നിങ്ങളുടെ കണ്ണുകളിൽ പഞ്ഞി കയറ്റിവെക്കുന്നത് നിങ്ങൾ ഓർക്കുക.''.

**9. പരലോകജീവിതത്തിലെ വിവിധ തരത്തിലുള്ള പദവികളെക്കുറിച്ച് ഓർക്കുക.**

ഇബ്നുൽ ഖയ്യിം رحمه الله പറഞ്ഞു: അയാൾക്ക് ഉൾക്കാഴ്ചയുണ്ടാകും; സ്വർഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചുമുള്ള വാഗ്ദാനങ്ങളും മുന്നറിയിപ്പുകളും അല്ലാഹുവിന്റെ മിത്രങ്ങൾക്കും ശത്രുക്കൾക്കും എന്തൊക്കെയാണ് ഒരുക്കിവെച്ചിരിക്കുന്നത് എന്നതിനെക്കുറിച്ച് ചിന്തിക്കാൻ ഉതകുന്നതായ ഒരു വെളിച്ചം ഹൃദയത്തിലുണ്ടാവും. ഖബറുകളിൽ നിന്നും ആളുകൾ ഉയർത്തപ്പെടുന്നതും

പരമാർഥമാകുന്ന വിളിയിലേക്ക് ധൃതിപ്പെടുന്നതും ആകാശത്തുനിന്നും മലക്കുകൾ ഇറങ്ങിവന്നു അവരെ വലയം ചെയ്യുന്നതും ന്യായവിധിക്കായി അല്ലാഹു അവന്റെ സിംഹാസനത്തിലേക്ക് വരുന്നതും അവന്റെ പ്രകാശം ഭൂമിയിലാകെ പരക്കുന്നതും ഗ്രന്ഥത്തെക്കുറിച്ച പ്രതിപാദനവും എല്ലാം ചിന്തക്ക് പാത്രമാകണം. പ്രവാചകന്മാരും ശുഹദാക്കളും ആനയിക്കപ്പെടുകയും രേഖകൾ ഉടമസ്ഥരുടെ കൈകളിലേക്ക് നൽകപ്പെടുകയും ചെയ്യുന്നു. തർക്കിക്കുന്നവർ ഒരുമിച്ചു കൂട്ടപ്പെടുന്നു. എല്ലാ ബാധ്യതക്കാരനും തന്റേ ദാതാവിനോട് കടപ്പെട്ടിരിക്കും. ജനങ്ങൾ ഹൗളുൽ കൗഥർ കാണുകയും അതിന്റെ കോപ്പകളുടെ അടുത്തേക്ക് നീങ്ങുകയും ചെയ്യും. കഠിനമായ ദാഹമുണ്ടെങ്കിൽ പോലും അൽപം ആളുകൾക്കല്ലാതെ അതിൽ നിന്ന് കുടിക്കാൻ അനുവാദം ഉണ്ടാവുകയില്ല. സ്വിറാത്ത് എന്ന പാലം കൊണ്ടുവരപ്പെടുകയും അത് കടന്നു പോവാൻ ആളുകൾ ധൃതിപ്പെടുകയും ചെയ്യും. പാലത്തിൽ കൂരാകൂരിരുട്ടാവുകയും പ്രകാശം പങ്കുവെച്ച് അനുഭവിക്കുകയും ചെയ്യും. നരകാഗ്നി പാലത്തിനടിയിലുള്ളവരെ കാർന്നു തിന്നും. ധാരാളം ആളുകൾ ആ തീയിലേക്ക് ആപതിക്കും. രക്ഷപ്പെടുന്നവരെക്കാൾ എത്രയോ മടങ്ങ് കൂടുതലാവും അത്. മേൽപറയപ്പെട്ട കാര്യങ്ങളെല്ലാം ഒരാളുടെ ഉള്ളിൽ ദർശിച്ചാൽ, പരലോകത്തിലെ ഏതെങ്കിലും ഒരു അവസ്ഥ അവന്റെ മനസ്സിൽ തങ്ങി നിൽക്കും. (മദാരിജുസ്വാലിഹീൻ 1/2).

അന്ത്യദിനത്തിന്റെ അവസ്ഥകളെക്കുറിച്ച് ഖുർആൻ ധാരാളം പ്രതിപാദിക്കുന്നുണ്ട്. ഖാഫ്, അൽവാഖിഅ, അൽഖിയാമ, അൽമുർസലാത്ത്, അന്നബഅ്, അൽമുത്വഫ്ഫിഫീൻ, അത്തക്‌വീർ എന്നീ സൂറത്തുകൾ ഇതിനുവേണ്ടി പരിശോധിക്കുന്നത് നന്ന്. ഹദീസ് ഗ്രന്ഥങ്ങളിലെ അൽഖിയാമ (പുനരുത്ഥാനം), അർരിഖാഖ് (ഹൃദയത്തെ സാന്ത്വനിപ്പിക്കുന്ന വർത്തമാനം), അൽ-ജന്ന (സ്വർഗം), അന്നാർ (നരകം) എന്നിങ്ങനെയുള്ള അധ്യായങ്ങളിൽ ഇവ വിവരിക്കുന്നു. പണ്ഡിതന്മാരുടെ ഇവ്വിഷയകമായിട്ടുള്ള ഗ്രന്ഥങ്ങൾ വായിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഉദാഹരണത്തിന് ഇബ്നുൽഖയ്യിം رحمه الله രചിച്ച 'ഹാദിൽ അർവാഹ്,' ഇബ്നുകഥീറിന്റെ رحمه الله ''അന്നിഹായ ഫിൽ ഫിതൻ വൽ മലാഹിം,'' ഖുർത്വുബി رحمه الله യുടെ ''അത്തദ്ഖിറത്തു ഫീ അഹ്‌വാലിൽമൗത്താ വ ഉമൂരിൽ ആഖിറ'', ഉമറുൽ അശ്ഖറിന്റെ رحمه الله ''അൽജന്നതു വന്നാർ,'' ''അൽഖിയാമതുൽ കുബ്റ'' തുടങ്ങിയവ. ഈമാൻ വർധിപ്പിക്കാൻ ഉതകുന്ന കാര്യങ്ങളിൽ ഒന്നാണ് അന്ത്യദിനത്തിലെയും വിചാരണയുടെയും മറ്റുമൊക്കെ അവസ്ഥകളെക്കുറിച്ച് അറിവുണ്ടായിരിക്കുക എന്നത്. ഖബറുകളിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്, ഒരുമിച്ച് കൂട്ടൽ, ശഫാഅത്ത്, കണക്കുനോക്കൽ, രക്ഷാശിക്ഷകൾ, തുലാസ്സുകൾ, ഹൗളുൽ കൗഥർ, സ്വിറാത്ത് (പാലം), ശാശ്വത വാസസ്ഥലമായ സ്വർഗം അല്ലെങ്കിൽ നരകം തുടങ്ങിയവയെ സംബന്ധിച്ച വിശദീകരണങ്ങൾ മുതലായവ ഇതിൽപെടുന്നു.

**10. അല്ലാഹുവിന്റെ പ്രാപഞ്ചികമായ അടയാളങ്ങളെ മനസ്സിലാക്കി യഥാവിധി ഉൾകൊള്ളുക.**

ബുഖാരിയും മുസ്‌ലിമും മറ്റും റിപ്പോർട്ട് ചെയ്യുന്നു:

أن رسول الله صلى الله عليه وسلم كان إذا رأى غيماً أو ريحاً عرف ذلك في وجهه فقالت عائشة : يا رسول الله ، أرى الناس إذا رأوا الغيم فرحوا رجاء أن يكون فيه المطر ، وأراك إذا رأيته عرفت في وجهك الكراهية ، فقال : يا عائشة ما يؤمنني أن يكون فيه عذاب قد عذب قوم بالريح وقد رأى قوم العذاب فقالوا : هذا عارض ممطرنا

''ആകാശത്ത് മേഘമോ അല്ലെങ്കിൽ കാറ്റ് വീശുന്നതോ കണ്ടാൽ നബിﷺയുടെ മുഖത്ത് അതിന്റെ അടയാളം ദർശിക്കാമായിരുന്നു.'' ആഇശ رضي الله عنها പറഞ്ഞു: ''ഓ പ്രവാചകരേ, ജനങ്ങൾ മേഘം കണ്ടാൽ സന്തോഷിക്കുന്നതായി കാണുന്നു, കാരണം അത് മഴ വർഷിപ്പിക്കുമെന്ന് അവർ കരുതുന്നു. പക്ഷേ, അങ്ങ് മേഘത്തെ ദർശിച്ചാൽ ഇഷ്ടപ്പെടുന്നില്ല എന്നാണ് അങ്ങയുടെ മുഖം വ്യക്തമാക്കുന്നത്.''

നബിﷺ പറഞ്ഞു: ''ഓ ആഇശാ, അതിൽ ശിക്ഷയില്ല എന്ന് ഉറപ്പിച്ച് എങ്ങനെ നിർഭയരാകാൻ കഴിയും? ചില സമൂഹങ്ങൾ കാറ്റ് മുഖേന ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. (മുസ്‌ലിം: 899).

നബിﷺ ഗ്രഹണം കണ്ടാൽ ഭയപ്പെടുമായിരുന്നു. അബൂ മൂസാﷺവിൽ നിന്നും സ്വഹീഹുൽബുഖാരി യിൽ ഉദ്ധരിക്കുന്നു:

خسفت الشمس فقام النبي صلى الله عليه وسلم فزعاً يخشى أن تكون الساعة

''സൂര്യന് ഗ്രഹണം ബാധിച്ചു. അന്ത്യസമയമാണ് എന്ന ഭയപ്പാടോടു കൂടി നബിﷺ എഴുന്നേറ്റു.'' (ഫത്ഹുൽബാരി: 2/545).

ഗ്രഹണസമയത്ത് നമസ്കാരത്തിലേക്ക് ധൃതിപ്പെടാൻ നബിﷺ ആജ്ഞാപിച്ചു. നബിﷺ പറഞ്ഞത്, സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും അല്ലാഹുവിന്റെ അടിമകളുടെ മേൽ ദൃഢമായ ഭക്തിയുണ്ടാക്കാ നുള്ള അടയാളങ്ങളാണ് എന്നാണ്. ഇത്തരം പ്രതിഭാസങ്ങളോടനുബന്ധിച്ച് ഹൃദയത്തിന്റെ പരസ്പ രമായ പ്രവർത്തനവും തുടർന്ന് ഭയപ്പാടും ഉണ്ടാവുകയാണെങ്കിൽ ഈമാനിനെ അത് നവീകരിക്കും എന്നതിൽ സംശയമില്ല. അല്ലാഹുവിന്റെ ശിക്ഷയെയും അവന്റെ ശക്തിയെയും കഴിവിനെയും കോപ ത്തെയും കുറിച്ച് അത് നമ്മെ ഓർമിപ്പിക്കുകയും ചെയ്യും. ആഇശﷺ പറഞ്ഞു:

أخذ رسول الله صلى الله عليه وسلم بيدي ثم أشار إلى القمر فقال : يا عائشة : استعيذي بالله من شر هذا فإن هذا هو الغاسق إذا وقب

നബിﷺ എന്റെ കൈപിടിച്ച് ചന്ദ്രന്റെ നേരെ ചൂണ്ടിക്കാട്ടിയിട്ട് പറഞ്ഞു: ''ഓ ആഇശ! ഇതിന്റെ തിന്മ യിൽ നിന്നും നീ അല്ലാഹുവിൽ രക്ഷ തേടിക്കൊള്ളൂ. കാരണം, ഇതാണ് ഇരുളടയുമ്പോഴുണ്ടാകുന്ന രാത്രിയുടെ കെടുതി.'' (അഹ്മദ് 6/237, സിൽസിലത്തുസ്സ്വഹീഹ).

അല്ലാഹുവിന്റെ ശിക്ഷ നേരിട്ട സ്ഥലങ്ങൾ സന്ദർശിക്കുകയും സത്യനിഷേധികളുടെ ഖബറുകൾ കാണുകയും ചെയ്യുമ്പോൾ നമുക്ക് ഭയം ബാധിക്കുന്നതും മനസ്സിന് ചലനമുണ്ടാകുന്നതുമായ അവ സ്ഥയാണ് മറ്റൊന്ന്. ഇബ്നു ഉമർﷺ റിപ്പോർട്ട് ചെയ്യുന്നു: ഹിജ്റിൽ എത്തിയപ്പോൾ നബിﷺ തന്റെ അനുചരന്മാരോട് പറഞ്ഞു.

لا تدخلوا عليهم هؤلاء المعذبين إلا أن تكونوا باكين ، فإن لم تكونوا باكين فلا تدخلوا عليهم لا يصيبكم ما أصابهم

''അല്ലാഹു ശിക്ഷിച്ച സ്ഥലങ്ങളിൽ നിങ്ങൾ പ്രവേശിക്കരുത്, കരഞ്ഞുകൊണ്ടല്ലാതെ. നിങ്ങൾ കരയു ന്നില്ലെങ്കിൽ നിങ്ങൾ പ്രവേശിക്കുകയുമരുത്. കാരണം, അവരെ ബാധിച്ചത് നിങ്ങളെയും ബാധി ക്കും.'' (ബുഖാരി: 423).

പക്ഷേ, ഇന്ന് ആ പ്രദേശങ്ങളിൽ വിനോദത്തിനായി ആളുകൾ പോവുകയും ഫോട്ടോയും മറ്റു മൊക്കെ പകർത്തുകയും ചെയ്യുന്നു. ചിന്തിക്കുക!

**11. ദുർബലമായ ഈമാനിന്റെ പരിഹാരത്തിനുതകുന്ന നല്ല ഒരു മാർഗമാണ് ദിക്ർ.**

രോഗം ബാധിച്ച ഹൃദയങ്ങളെ അവ സുഖപ്പെടുത്തുകയും നന്നാക്കുകയും ചെയ്യും. അല്ലാഹു പറയു ന്നു:

يا أيها الذين آمنوا اذكروا الله ذكراً كثيراً

‘‘സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി സ്മരിക്കുക’’(33:41).

അല്ലാഹുവെ ധാരാളമായി ഓർമിക്കുന്നവർക്ക് അവൻ ഉയർച്ച വാഗ്ദാനം ചെയ്യുന്നു.

واذكروا الله كثيراً لعلكم تفلحون

‘‘അല്ലാഹുവിനെ അധികമായി ഓർമിക്കുകയും ചെയ്യുക, നിങ്ങൾ വിജയം പ്രാപിച്ചേക്കാം.’’(8:45).

അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ മറ്റെന്തിനെക്കാളും ഉത്തമമാണ്:

ولذكر الله أكبر

‘‘അല്ലാഹുവിനെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു’’(29:45).

ഇസ്‌ലാമിലെ നിയമങ്ങൾ വളരെ അധികമാണ് എന്ന് വിചാരിച്ച മനുഷ്യനോട് നബിﷺ ഉപദേശിച്ചത് ഇതാണ്:

لا يزال لسانك رطباً من ذكر الله

‘‘നീ നിന്റെ നാവിനെ അല്ലാഹുവിന്റെ സ്മരണ കൊണ്ട് നനവുള്ളതാക്കുക.’’(തുർമുദി 3375. ഹസൻ ആയ ഹദീഥ്, സ്വഹീഹുൽ കലിം 3).

ദിക്ർ പരമകാരുണികനെ പ്രീതിപ്പെടുത്തുകയും പിശാചിനെ അകറ്റി നിർത്തുകയും ചെയ്യും. വിഷമതകളും വ്യാകുലതകളും അത് അകറ്റി നിർത്തും. അറിവിന്റ വാതിലുകൾ തുറന്നു തരികയും ആവശ്യങ്ങൾ നിറവേറ്റിത്തരികയും ചെയ്യും. സ്വർഗത്തിലേക്ക് വിത്തുകൾ നടുന്നതിനും നാവിന്റെ ദോഷങ്ങൾ തടയുന്നതിനും സഹായിക്കും. ദാനം ചെയ്യാൻ കഴിവില്ലാത്ത സാധുക്കളെ അത് സമാശ്വസിപ്പിക്കുന്നു. ശാരീരികമായും സാമ്പത്തികമായും പുണ്യം ചെയ്യാൻ കഴിയാത്തവർക്ക് ആരാധനാകർമങ്ങൾക്കു പകരമായി അല്ലാഹു ദിക്ർ ഏർപ്പെടുത്തി. ദികർ അവഗണിച്ച് അല്ലാഹുവിനെ ഓർക്കാതിരുന്നാൽ ഹൃദയത്തിൽ കാഠിന്യം അനുഭവപ്പെടും. തന്റെ ഈമാനിന്റെ ദൗർബല്യത്തെ അകറ്റാൻ ആഗ്രഹിക്കുന്ന ഏതൊരാളും അല്ലാഹുവിന്റെ സ്മരണ വർധിപ്പിക്കണം. അല്ലാഹു പറയുന്നു:

ألا بذكر الله تطمئن القلوب

‘‘....ശ്രദ്ധിക്കുക, അല്ലാഹുവെക്കുറിച്ചുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്.’’ (13:28).

ഇബ്നുൽഖയ്യിം رحمه الله ദിക്റുകൊണ്ടുള്ള ചികിത്സയെക്കുറിച്ച് പറഞ്ഞു: ‘‘ഹൃദയത്തിൽ ഒരു കഠിനതയുണ്ട്. അത് അത്യുന്നതനായ അല്ലാഹുവിന്റെ സ്മരണകൊണ്ടല്ലാതെ ശാന്തമാവുകയില്ല.’’ ഒരു മനുഷ്യൻ ഹസനുൽബസ്വരി رحمه الله യോട് പറഞ്ഞു: ‘‘ഓ അബൂസഈദ്, ഞാൻ എന്റെ ഹൃദയകാഠിന്യത്തെക്കുറിച്ച് പരാതിപ്പെടുന്നു.’’ അപ്പോൾ ഹസനുൽബസ്വരി رحمه الله പറഞ്ഞു: ‘‘ദിക്ർ കൊണ്ട് ഹൃദയത്തെ ശാന്തമാക്കുക.’’ ഹൃദയം എത്ര മറവിയുള്ളതാണോ അത് അതിനനുസരിച്ച് കടുത്തുപോകും. പക്ഷേ, ഒരാൾ അല്ലാഹുവിനെ സ്മരിച്ചാൽ ചെമ്പ് തീയിൽ ഉരുക്കുന്നതുപോലെ ഹൃദയം ശാന്തമാവും. ഹൃദയകാഠിന്യം കുറക്കുന്നതിന് മഹത്വസമ്പൂർണനായ അല്ലാഹുവിന്റെ സ്മരണയപ്പോലെ ഉപകാരപ്പെടുന്ന മറ്റൊന്നുമില്ല. ദികർ ഹൃദയത്തിന് ശമനവും മരുന്നുമാണ്. മറവി എന്നത് ഒരു രോഗമാണ്. അല്ലാഹുവിനെക്കുറിച്ച ഓർമയാണ് അതിനുള്ള പരിഹാരം. മക്ഹൂൽ പറഞ്ഞു: ‘‘അല്ലാഹുവിനെക്കുറിച്ച ഓർമ ചികിത്സയും ജനങ്ങളുടെക്കുറിച്ചുള്ള ഓർമ രോഗവുമാണ്.’’ (അൽവാബിലുസ്സ്വയ്യിബ്, റാഫിഅ്, അൽകലിമത്തുത്ത്വയ്യിബ് 142).

ദുർബലമായ ഈമാനിനെക്കുറിച്ച് പരാതിപ്പെടുന്ന ആളുകൾക്ക് അതിനെ പരിഹരിക്കാൻ ഉതകുന്നതായ രാത്രി നമസ്കാരം പോലെയുള്ള കർമങ്ങൾ അനുഷ്ഠിക്കാൻ തുടക്കത്തിൽ പ്രയാസം തോന്നിയേക്കും. അതിനാൽ അത്തരക്കാർ ഇത്തരം മാർഗങ്ങൾ (ദിക്ർ പോലെയുള്ളവ) സ്വീകരിക്കുകയും അതിന് താൽപര്യം പ്രകടിപ്പിക്കുകയും ചെയ്യുക. സ്ഥിരമായി ചെയ്യാൻ കഴിയുന്ന സാധാരണ

ദിക്റുകൾ പഠിക്കണം. لا إله إلا الله لا شريك له ، له الملك وله الحمد ، وهو على كل شيء قدير (അല്ലാഹു വല്ലാതെ ആരാധ്യനില്ല, അവന് യാതൊരു പങ്കുകാരുമില്ല. അവനാണ് രാജാധികാരം, അവന്നാണ് സർവസ്തുതിയും, അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്), سبحان الله وبحمده ، وسبحان الله العظيم (സ്തുതിയും പ്രകീർത്തനവും അല്ലാഹുവിനാണ്, അത്യുന്നതനായ അല്ലാഹുവിന് പ്രകീർത്തനം), لا حول ولا قوة إلا بالله (അല്ലാഹുവിൽ നിന്നല്ലാതെ ഒരു ശക്തിയോ അധികാരമോ ഇല്ല) തുടങ്ങിയ ദിക്റുകളും പ്രത്യേക സമയങ്ങളിലും സന്ദർഭങ്ങളിലും ചൊല്ലേണ്ടതും പറയേണ്ടതു മായ സുന്നത്തിൽ സ്ഥിരപ്പെട്ട ദുആകളും പഠിക്കണം. രാവിലെയും വൈകുന്നേരവും ഉറങ്ങാൻ കിട ക്കുമ്പോഴും ഉണരുമ്പോഴും സ്വപ്നം കാണുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും വിസർജനസ്ഥലത്ത് പ്രവേശിക്കുമ്പോഴും പള്ളിയിൽ പോകുമ്പോഴും ഒരു കാര്യം തീരുമാനിക്കുമ്പോഴും (ഇസ്തിഖാറ) പ്രയാസങ്ങൾ നേരിടുമ്പോഴും ഖബറുകൾ സന്ദർശിക്കുമ്പോഴും കാറ്റടിക്കുമ്പോഴും മാസപ്പിറവി കാണുമ്പോഴും യാത്രാ സംബന്ധമായോ ചരക്കുകളും മറ്റും കൊണ്ടു പോകുന്നതിനോ ആയി വാഹ നത്തിൽ കയറുമ്പോഴും മറ്റൊരാളെ അഭിസംബോധന ചെയ്യുമ്പോഴും തുമ്മുമ്പോഴും കോഴി കൂവു മ്പോഴും കഴുത കരയുകയോ നായ കുരക്കുകയോ ചെയ്യുമ്പോഴും സദസ്സ് പിരിയുമ്പോഴും രോഗിയെ സന്ദർശിക്കുമ്പോഴും എല്ലാം പ്രത്യേകം പ്രത്യേകം പ്രാർഥനകളുണ്ട്. ഇവ കാത്തു സൂക്ഷിച്ചാൽ മന സ്സിൽ പ്രതിഫലനമുണ്ടാകും എന്നതിൽ സംശയമില്ല. (ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ رحمه الله ഇവ്വിഷയകമായി 'അൽ കലിമതുത്ത്വയ്യിബ്' എന്ന വളരെ ഉപകാരപ്രദമായ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിനെ സ്വഹീഹുൽ കലിമതിത്ത്വയ്യിബ് എന്ന പേരിൽ അൽബാനി സംഗ്രഹിച്ചിട്ടുണ്ട്).

**12. അല്ലാഹുവിൽ പ്രതീക്ഷ അർപ്പിച്ചുകൊണ്ട് അവന്റെ മുമ്പിൽ വിനയാന്വിതനാവുക.**

അടിമ അല്ലാഹുവിന്റെ മുമ്പിൽ എത്രത്തോളം വിനയാന്വിതനാകുന്നുവോ അത്രത്തോളം അല്ലാഹു അവങ്കലേക്ക് അടുത്തുവരും. നബി ﷺ പറഞ്ഞു:

أقرب ما يكون العبد من ربه وهو ساجد فأكثروا الدعاء

''ഒരു അടിമ അല്ലാഹുവിനോട് ഏറ്റവും അടുത്ത സമയം അയാൾ സുജൂദിലായിരിക്കുമ്പോഴാണ്. അതിനാൽ സുജൂദിൽ നിങ്ങൾ പ്രാർഥനകൾ വർധിപ്പിക്കുക.'' (മുസ്‌ലിം: 482).

സുജൂദ് എന്നത് വിനയത്തിന്റെ അവസ്ഥയാണ്, മറ്റ് അവസ്ഥകളിൽ നിന്നും തികച്ചും വ്യത്യസ്തമാ ണ്. ഒരു അടിമ തന്റെ ഏറ്റവും ഉന്നതമായ ശിരസ്സ് ഭൂമിയിലേക്ക് വെക്കുമ്പോൾ തന്റെ നാഥനോട് ഏറ്റവും അടുത്ത അവസ്ഥയിലായിരിക്കും. അല്ലാഹുവിന്റെ മുന്നിൽ വിനയം പ്രകടമാക്കുന്ന തിനെയും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നതിനെയും വളരെ സ്പഷ്ടമായി സൂചിപ്പിച്ചു കൊണ്ട് ഇബ്നുൽ ഖയ്യിം رحمه الله പറയുന്നു: ''നിന്റെ പ്രതാപം കൊണ്ടും എന്റെ വിനയം കൊണ്ടും നിന്റെ ശക്തികൊണ്ടും എന്റെ ദുർബലത കൊണ്ടും എന്നെ തൊട്ടുള്ള നിന്റെ ഐശ്വര്യം കൊണ്ടും നിന്നിലേക്കുള്ള എന്റെ ആവശ്യം കൊണ്ടും ഞാൻ നിന്നോട് ചോദിക്കുന്നു. എന്റെ തിന്മയുടെയും പാപത്തിന്റെയും കുടുമ നിന്റെ കരങ്ങളിൽ വെക്കുന്നു. നിന്നെക്കൊണ്ടല്ലാതെ യാതൊരു അഭയസ്ഥാ നമോ ശരണമോ ഇല്ല. ഞാനല്ലാതെ നിന്റെ അടിമകൾ ധാരാളം ഉണ്ട്. ദുഃഖപൂർണനും ദരിദ്രനുമായ വനെ പോലെ ഞാൻ നിന്നോട് ചോദിക്കുന്നു. അന്ധനും ഭീരുവുമായ ഒരാളെപ്പോലെ ഞാൻ നിന്നോട് ചോദിക്കുന്നു. കഴുത്ത് പൂർണമായി നിന്നിലേക്ക് കുനിച്ച് വെച്ചവനെപ്പോലെ, കണ്ണുകൾ നിനക്കുവേണ്ടി കണ്ണീർ പൊഴിച്ചുകൊണ്ടും ഹൃദയം നിന്നിലേക്ക് വിനയാന്വിതമാക്കിക്കൊണ്ടും'' എന്നു പറഞ്ഞ് പ്രാർത്ഥിക്കുന്ന ഒരാളുടെ വാക്കുകൾ എത്ര മധുരമുള്ളതാണ്! ഇത്തരം വാക്കുകൾ ഒരടിമ ഉരുവിടുകയാണെങ്കിൽ അവന്റെ ഈമാൻ ഹൃദയത്തിൽ പല മടങ്ങായി വർധിക്കും. ഒരാളുടെ ആവശ്യം അല്ലാഹുവിനോട് പറയുകയെന്നതും ഈമാൻ വർധിപ്പിക്കും. നമ്മുടെ ഏതൊരാവശ്യങ്ങ ൾക്കും അല്ലാഹുവിനെ ആശ്രയിക്കാൻ അവൻ നമ്മോട് പറയുന്നു:

يا أيها الناس أنتم الفقراء إلى الله والله هو الغني الحميد

''മനുഷ്യരേ, നിങ്ങൾ അല്ലാഹുവിനെ ആശ്രിയിക്കുന്നവരാകുന്നു. അല്ലാഹുവാകട്ടെ, സ്വയം പര്യാപ തനും സ്തുത്യർഹനുമാകുന്നു.''(35:15).

**13. ദീർഘായുസ്സ് (അഥവാ ദീർഘമായ ജീവിതം) ആഗ്രഹിക്കാതിരിക്കുക.**

ഈമാനിനെ പരിപോഷിപ്പിക്കാനുതകുന്ന വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണിത്. ഇബ്നുൽ ഖയ്യിം رحمه الله പറഞ്ഞു: ''ഖുർആനിൽ 'എന്നാൽ നീ ആലോചിച്ചിട്ടുണ്ടോ? നാം അവർക്ക് കുറെ കൊല്ലങ്ങളോളം സുഖസൗകര്യം നൽകുകയും, അനന്തരം അവർക്ക് താക്കീത് നൽകപ്പെട്ടു കൊണ്ടിരിക്കുന്ന ശിക്ഷ അവർക്ക് വരികയും ചെയ്തുവെന്ന് വെക്കുക. (എന്നാലും) അവർക്ക് നൽക പ്പെട്ടിരുന്ന ആ സുഖസൗകര്യങ്ങൾ അവർക്കൊരു പ്രയോജനവും ചെയ്യുമായിരുന്നില്ല.' (26:205 – 207) എന്ന വചനത്തിലും 'അവൻ അവരെ ഒരുമിച്ചുകൂട്ടുന്ന ദിവസം പകലിൽ നിന്ന് അൽപസമയം മാത്രമേ അവർ (ഇഹലോകത്ത്) കഴിച്ചുകൂട്ടിയിട്ടുള്ളൂ എന്ന പോലെ തോന്നും. അവർ അന്യോന്യം തിരിച്ചറിയുന്നതുമാണ്. അല്ലാഹുവുമായി കണ്ടുമുട്ടുന്നതിനെ നിഷേധിച്ചുതള്ളിയവർ നഷ്ടത്തിലായിരിക്കുന്നു. അവർ സൻമാർഗം പ്രാപിക്കുന്നവരായതുമില്ല' (10: 45) എന്ന വചന ത്തിലും പറയുന്ന സുപ്രധാനമായ പാഠം, ഈ ദുനിയാവിൽ ഒരു മനുഷ്യൻ ഒരിക്കലും ദീർഘായുസ്സ് ആഗ്രഹിക്കുന്നവനോ ''ഞാൻ ജീവിക്കും, ഞാൻ ജീവിക്കും...'' എന്ന് പറയുന്നവനോ ആവാൻ പാടി ല്ല എന്നതാകുന്നു. സലഫുസ്വാലീഹീങ്ങളിൽ പെട്ട ഒരാൾ ഒരു മനുഷ്യനോട് പറഞ്ഞു: 'ഞങ്ങൾക്ക് ളുഹ്ർ നമസ്കാരത്തിന് നേതൃത്വം നൽകുക.' ആ മനുഷ്യൻ പറഞ്ഞു. 'ഞാൻ ളുഹർ നമസ്കാര ത്തിന് നേതൃത്വം നൽകാം, അസ്ർ നമസ്കാരത്തിന് നിൽക്കാൻ കഴിയില്ല.' ''അസർ നമസ്കാരം വരെ ജീവിക്കണം എന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? ദീർഘമായ ജീവിതം ആഗ്രഹിക്കുന്ന തിൽ നിന്നും ഞങ്ങൾ അല്ലാഹുവോട് കാവൽ ചോദിക്കുന്നു'' എന്നായിരുന്നു അപ്പോൾ അവരുടെ മറുപടി.

**14. ഹൃദയത്തിൽ വിരക്തിയുണ്ടാകുന്നതുവരെ ലോകത്തിന്റെ നിസ്സാരതയെക്കുറിച്ച് ചിന്തിക്കുക.**

അല്ലാഹു പറയുന്നു:

وما الحياة الدنيا إلا متاع الغرور

''.....ഐഹികജീവിതം കബളിപ്പിക്കുന്ന ചരക്ക് മാത്രമാണ്''(3:185).

നബിﷺ പറഞ്ഞു:

إن مطعم ابن آدم قد ضرب للدنيا مثلاً ، فانظر ما يخرج من ابن آدم وإن قزحه وملحه ، قد علم إلى ما يصير

''ആദമിന്റെ സന്തതിയുടെ ഭക്ഷണം ഈ ജീവിതത്തിന്റെ ഒരു ഉപമാലങ്കാരമാണ്. ഉപ്പും മസാലയും ഒക്കെ ചേർത്താലും അവസാനം എന്താണ് പുറത്തു വരിക എന്നവനറിയാം. അതുപോലെ എങ്ങനെ യാണ് പര്യവസാനം എന്ന് അവനറിയാവുന്നതാണ്''(ത്വബ്റാനി 1/198, സിൽസിലത്തുസ്സ്വഹീഹ : 382).

അബൂഹുറയ്റﷺ പറഞ്ഞു: നബിﷺ പറഞ്ഞത് ഞാൻ കേട്ടു.

الدنيا ملعونة ملعون ما فيها إلا ذكر الله وما والاه أو عالماً أو متعلماً

''ഈ ലോകവും അതിലുള്ളതും ശപിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ സ്മരണയും അതുമായി ബന്ധപ്പെട്ടതും ഒഴികെ, വിജ്ഞാനവും ശിക്ഷണവും ഒഴികെ.''(ഇബ്നുമാജ 4112, സ്വഹീഹത്തുത്തർ ഗീബുവത്തർഹീബ് 71).

**15. അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിക്കുക:**

ഖുർആൻ പറയുന്നു:

ومن يعظم شعائر الله فإنها من تقوى القلوب

''(നിങ്ങൾ ഗ്രഹിക്കുക,) വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമ്മനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ.''(22:32).

അല്ലാഹു നിശ്ചയിച്ചിട്ടുള്ള പരിധികൾ എന്നുള്ളത് അല്ലാഹുവിന് നമ്മുടെ മേലുള്ള അവകാശങ്ങളാണ്. അത് സമയവുമായോ, സ്ഥലവുമായോ, വ്യക്തികളുമായോ ബന്ധപ്പെട്ടതാകാം. വ്യക്തികളുമായി ബന്ധപ്പെട്ടതിനുള്ള ഉദാഹരണം- നബിﷺയോട് വേണ്ട ബഹുമാനവും ആദരവും കാണിക്കുക. സ്ഥലങ്ങളെ സംബന്ധിക്കുന്നതിന് ഉദാഹരണം-മസ്ജിദുൽ ഹറമിനെ(മക്ക) ബഹുമാനിക്കുക. സമയവുമായി ബന്ധപ്പെട്ടതിന് ഉദാഹരണം- റമളാൻ മാസത്തെ ആദരിക്കുക. അല്ലാഹു പറയുന്നു:

ومن يعظم حرمات الله فهو خير له عند ربه

''അത് (നിങ്ങൾ ഗ്രഹിക്കുക). അല്ലാഹു പവിത്രത നൽകിയ വസ്തുക്കളെ വല്ലവനും ബഹുമാനിക്കുന്നപക്ഷം അത് തന്റെ രക്ഷിതാവിന്റെ അടുക്കൽ അവന്ന് ഗുണകരമായിരിക്കും. നിങ്ങൾക്ക് ഓതിക്കേൾപിക്കപ്പെടുന്നതൊഴിച്ചുള്ള കന്നുകാലികൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. ആകയാൽ വിഗ്രഹങ്ങളാകുന്ന മാലിന്യത്തിൽ നിന്നും നിങ്ങൾ അകന്ന് നിൽക്കുക. വ്യാജവാക്കിൽ നിന്നും നിങ്ങൾ അകന്ന് നിൽക്കുക.''(ഹജ്ജ് : 30).

അല്ലാഹു നിശ്ചയിച്ച പരിധികളെ ആദരിക്കുന്ന മറ്റൊരു രീതിയാണ് ചെറിയ തിന്മകളെ നിസ്സാരമായി കാണാതിരിക്കുക എന്നുള്ളത്. അബ്ദുല്ലാഹിബ്നു മസ്ഊദ്ﷺ റിപ്പോർട്ട് ചെയ്യുന്നു. നബിﷺ പറഞ്ഞു.

إياكم ومحقرات الذنوب ،فإنهن يجتمعن على الرجل حتى يهلكنه

''നിസ്സാരമായി കാണുന്ന ചെറിയ തിന്മകളെ കരുതിയിരിക്കുക. അത് മനുഷ്യനെ നശിപ്പിക്കുന്നത് വരെ വർധിച്ചുകൊണ്ടേയിരിക്കും.''

وإن رسول الله صلى الله عليه وسلم ضرب لهن مثلاً كمثل قوم نزلوا أرض فلاة فحضر صنيع القوم فجعل الرجل ينطلق فيجيء بالعود، والرجل يجيء بالعود ، حتى جمعوا سواداً فأججوا ناراً وأنضجوا ما قذفوا فيها

നബിﷺ ഇതിനെ വിശദീകരിച്ചുകൊണ്ട് പറഞ്ഞു: ''വിജനമായ പ്രദേശത്ത് തമ്പടിക്കുന്ന ആളുകൾ തീ കൂട്ടാനായി ഉദ്ദേശിക്കുന്നു. ഒരു മനുഷ്യൻ പോയി ഒരു വിറക് കൊണ്ടു വന്നു. മറ്റൊരാളും ഒരു വിറക് കൊണ്ട് വന്നു. അങ്ങനെ അവർക്ക് ആവശ്യമുള്ളതൊക്കെ പാകം ചെയ്യാൻ കഴിയും വിധം വിറക് ശേഖരിക്കപ്പെട്ടു.''(അഹ്മദ് 1/402, സിൽസിലത്തുസ്വഹീഹ 389).

ഇബ്നുൽ ജൗസിرحمه الله 'സ്വയ്ദുൽഖാത്തിറി'ൽ പറയുന്നു: ''നിസ്സാരമെന്ന് കരുതി പല കാര്യങ്ങളെയും അധികമാളുകളും ലാഘവത്തോടെ കാണുന്നു. യഥാർഥത്തിൽ ഇവ വിശ്വാസത്തിന്റെ അടിത്തറ തന്നെ തകർക്കുന്നതായിരിക്കും.''ഹറാമായ കാര്യങ്ങളിലേക്ക് നോക്കുക, ചില കുട്ടികൾ ചെയ്യുന്നത് പോലെ പുസ്തകങ്ങൾ കടം വാങ്ങുകയും തിരികെ കൊടുക്കാതിരിക്കുകയും ചെയ്യുക തുടങ്ങിയവ ഉദാഹരണങ്ങളാണ്. സലഫുകളിൽ പെട്ട ഒരാൾ പറഞ്ഞു: ''ഞാൻ ഒരു ചെറിയ ഉരുള (ഒരു പിടി) നിസ്സാരമായി കണ്ട് അത് ഭക്ഷിച്ചു. നാൽപത് വർഷങ്ങൾക്കു ശേഷവും ഞാൻ പിന്നിലേക്ക് വഴുതിപ്പോവുകയാണ്.'' അദ്ദേഹത്തിന്റെ വിനയം കൊണ്ടാണ് അദ്ദേഹം ഇത് പറഞ്ഞത്. അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കട്ടെ.

**16. 'അൽ വലാഅ് വൽ ബറാഅ്' (ബന്ധം സ്ഥാപിക്കലും വിച്ഛേദിക്കലും):**

വിശ്വാസികളോട് സൗഹൃദവും വിശ്വസ്തതയും പുലർത്തുകയും (ശത്രുത പുലർത്തുന്ന)അവിശ്വാസികളോട് നിഷേധവും വെറുപ്പും തോന്നുകയും ചെയ്യുക. അല്ലാഹുവിന്റെ ശത്രുക്കളോട് ഹൃദയം അടുക്കുകയാണെങ്കിൽ ഈമാൻ ദുർബലമാവുകയും വിശ്വാസത്തിന്റെ തത്ത്വങ്ങൾ അകലുകയും ചെയ്യും. അതേ സമയം അല്ലാഹുവിലേക്ക് തന്റെ വിശ്വസ്തത സമർപ്പിക്കുന്ന ആൾ വിശ്വാസികളായ അല്ലാഹുവിന്റെ അടിമകളെ അനുകൂലിക്കുകയും സഹായിക്കുകയും അല്ലാഹുവിന്റെ ശത്രുക്കളെ എതിർക്കുകയും വെറുക്കുകയും ചെയ്യും – അങ്ങനെ ഹൃദയത്തിലെ ഈമാൻ നവീകരിക്കും.

**17. ഈമാനിനെ നവീകരിക്കുന്നതിലും ധിക്കാരമുള്ള മനസ്സിനെ ശുദ്ധീകരിക്കുന്നതിലും വിനയത്തിന് സുപ്രധാനമായ പങ്കുണ്ട്.**

കാരണം വാക്കിലും ഭാവത്തിലുമുള്ള വിനയം ഹൃദയത്തിൽ അല്ലാഹുവിനോട് വിനയമുള്ളതിന്റെ സൂചനയാണ്. നബിﷺ പറഞ്ഞു:

البذاذة من الإيمان

''വിനയം(പ്രത്യക്ഷമായിക്കാണുന്നത്) ഈമാനിന്റെ ഭാഗമാണ്.'' (ഇബ്നുമാജ: 4118,സിൽസിലത്തുസ്സ്വഹീഹ:341).

വസ്ത്രത്തിലും രൂപത്തിലുമുള്ള വിനയമാണ് ഇതുകൊണ്ടുള്ള ഉദ്ദേശ്യം. വിശദ വിവരങ്ങൾക്ക് ഇബ്നുൽകഥീറിന്റെ رحمه الله 'അന്നിഹായ' 1/110 കാണുക.

നബിﷺ പറഞ്ഞു:

من ترك اللباس تواضعاً لله وهو يقدر عليه ، دعاه الله يوم القيامة على رؤوس الخلائق حتى يخيره من أي حلل الإيمان شاء يلبسها

''അല്ലാഹുവിനോടുള്ള വിനയം കാരണം (ആഢംബരത്തിന്റെയും അലങ്കാരത്തിന്റെയും) വസ്ത്രം ഉപയോഗിക്കാനുള്ള കഴിവുണ്ടായിട്ടും അവ വർജിക്കുന്നയാളെ പുനരുത്ഥാനനാളിൽ അല്ലാഹു അവന്റെ സർവസൃഷ്ടികളുടെയും മുമ്പിൽ വിളിക്കുകയും ഇഷ്ടമുള്ള ഈമാനിന്റെ വസ്ത്രം തിരഞ്ഞെടുക്കാൻ അവസരം നൽകുകയും ചെയ്യും.'' (തിർമുദി: 2481, സിൽസിലത്തുസ്സ്വഹീഹ: 718).

ഈ ജീവിത ശൈലി കാരണം അതീവ സമ്പന്നനായിരുന്ന അബ്ദുർറഹ്മാനിബ്നു ഔഫ്رضي الله عنهനെ തന്റെ അടിമകളുടെ ഇടയിൽ നിന്നും തിരിച്ചറിയാൻ സാധിക്കുമായിരുന്നില്ല.

**18. അല്ലാഹുവിനെ സ്നേഹിക്കുക, അവനെ ഭയപ്പെടുക, അവനിൽ പ്രതീക്ഷയർപ്പിക്കുക, അവനെക്കുറിച്ച് നല്ല നിലയിൽ ചിന്തിക്കുകയും അവനിൽ ഭരമേൽപിക്കുകയും ചെയ്യുക, അവന്റെ വിധിയെ അംഗീകരിക്കുക, അവനോട് നന്ദി കാണിക്കുക, അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുക.**

ഇവയൊക്കെയും ഹൃദയത്തിന്റെ പ്രവർത്തനങ്ങളാണ്. ഹൃദയം താഴെ പറയുന്ന ഘട്ടങ്ങളിലൂടെ കടന്നു പോയി കഴിഞ്ഞാൽ ദുർബലമായ ഈമാനിന്റെ ചികിത്സ പൂർത്തീകരിക്കപ്പെടും: ധർമബോധമുണ്ടാവുക, അല്ലാഹുവിലേക്ക് മടങ്ങുക, അല്ലാഹുവിനെ സ്മരിക്കുക, ഖുർആനിനോടും സുന്നത്തിനോടും പൂർണമായി യോജിക്കുക, വിനയമുണ്ടാകുക, ലളിതമായി ജീവിക്കുക, അല്ലാഹുവിനെ ഭയക്കുക, അല്ലാഹു എപ്പോഴും കാണുന്നുണ്ട് എന്ന മനോഭാവമുണ്ടാവുക. ഇബ്നുൽ ഖയ്യിം ഈ ഘട്ടങ്ങളെക്കുറിച്ചെല്ലാം 'മദാരിജുസ്സ്വാലിഹീൻ' എന്ന ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

**19. സ്വയം വിലയിരുത്തുക:**

അല്ലാഹു പറയുന്നു: يا أيها الذين آمنوا اتقوا الله ولتنظر نفس ما قدمت لغد

''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളേക്ക് വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തു വെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ..'' (അൽ ഹശ്ർ:18).

ഉമറുബ്നുൽ ഖത്വാബ്ﷺ പറഞ്ഞു: حاسبوا أنفسكم قبل أن تحاسبوا ''നിങ്ങൾ വിചാരണ ചെയ്യപ്പെടുന്നതിന് മുമ്പായി സ്വയം വിചാരണ ചെയ്യുക.'' അൽ ഹസൻﷺ പറഞ്ഞു: لا تلقى المؤمن إلا وهو يحاسب نفسه ''സ്വയം വിലയിരുത്തുന്ന നിലയിലല്ലാതെ ഒരു വിശ്വാസിയെ നിങ്ങൾ കണ്ടെത്തുകയില്ല''. മഅ്മൂനുബ്നു മഹ്റാൻ رحمه الله പറഞ്ഞു: إن التقي أشد محاسبة لنفسه من شريك شحيح ''നിന്ദ്യനും പിശുക്കനുമായ പങ്കാളിയെക്കാൾ കൂടുതൽ (സ്വന്തം വിഷയത്തിൽ) കർശന നിലപാടുള്ള ആളായിരിക്കും ഒരു വിശ്വാസി''. ഇബ്നുൽ ഖയ്യിം رحمه الله പറഞ്ഞു: وهلاك النفس من إهمال محاسبتها ومن موافقتها واتباع هواها ''സ്വയം വിലയിരുത്തുന്നതിനെ അവഗണിക്കുകയും സ്വന്തം ഇച്ഛകളെ അപ്പാടെ പിൻപറ്റുകയും ചെയ്യുമ്പോഴാണ് അന്ത്യവിധി സംഭവിക്കുക.''

അതുകൊണ്ട് ഒരു മുസ്ലിം ഏകനായി സ്വയം വിലയിരുത്താൻ സമയം കണ്ടെത്തുകയും അന്ത്യദിനത്തിനു വേണ്ടിയുള്ള എന്തു മുന്നൊരുക്കമാണ് ചെയ്തത് എന്ന് പരിശോധിക്കുകയും ചെയ്യേണ്ടതുണ്ട്.

**20. അല്ലാഹുവിനോടുള്ള പ്രാർഥന:**

ഒരു അടിമ നിർവഹിക്കേണ്ട വളരെ കാര്യപ്രാപ്തിയുള്ള സംഗതികളിലൊന്നാണത്. നബിﷺ പറഞ്ഞു:

إن الإيمان ليخلق في جوف أحدكم كما يخلق الثوب فاسألوا الله أن يجدد الإيمان في قلوبكم

''വസ്ത്രം പഴകുന്നതുപോലെ ഹൃദയത്തിലെ ഈമാനും പഴകും; അതിനാൽ നിങ്ങളുടെ ഹൃദയങ്ങളിലെ ഈമാനിനെ പുതുക്കാൻ വേണ്ടി അല്ലാഹുവിനോട് ചോദിക്കുക''.

അല്ലാഹുവെ, നിന്റെ സുന്ദരമായ നാമങ്ങൾ കൊണ്ടും ഉന്നതമായ ഗുണവിശേഷങ്ങൾ കൊണ്ടും ഞങ്ങളുടെ ഹൃദയത്തിലെ ഈമാനിനെ നവീകരിക്കുന്നതിനായി നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, ഈമാനിനെ ഞങ്ങൾക്ക് സുന്ദരമായി തോന്നിപ്പിക്കുകയും ഞങ്ങളുടെ ഹൃദയങ്ങളെ അതുമുഖേന അലങ്കരിക്കുകയും ചെയ്യേണമേ. കുഫ്റിനെയും പാപത്തെയും നിഷേധത്തെയും ഞങ്ങൾക്ക് അങ്ങേയറ്റം വെറുപ്പുള്ളതാക്കേണമേ. ശരിയായ മാർഗദർശനം ലഭിച്ചവരിൽ ഞങ്ങളെ ഉൾപ്പെടുത്തണേ. രക്ഷിതാവിന് മഹത്വം. പ്രവാചകന്മാരുടെ മേൽ സമാധാനമുണ്ടാകട്ടെ, സർവലോക രക്ഷിതാവിന് സർവസ്തുതിയും.